Downloaded from https:// www.studiestoday.com

അടിസ്ഥാനപാഠാവലി

# മലയാളം

സ്റ്റാൻഡേർഡ്

VII

കേരളസർക്കാർ

വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2016

KT 19-1/Malayalam-7(BT) (Vol-I)

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

*Prepared by* :
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala

*Website* : www.scertkerala.gov.in
*e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
First Edition : 2014, Reprint : 2016
Printed at : KBPS, Kakkanad, Kochi- 30
© Department of Education, Government of Kerala

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പ്രിയ വിദ്യാർഥികളേ,

മലയാളഭാഷയുടെ മധുരം നുകരാൻ നിങ്ങൾക്കായി ഒരുക്കിയതാണ് ഈ പാഠപുസ്തകം. നമ്മുടെ മാതൃഭാഷയെ ശ്രേഷ്ഠ ഭാഷകളിൽ ഒന്നായി ഭാരതസർക്കാർ അംഗീകരിച്ചിരിക്കുകയാണല്ലോ. അറിവിന്റെ ഉയരങ്ങൾ കീഴടക്കാൻ മാതൃഭാഷയിലൂടെ നമുക്ക് കഴിയും. മലയാളത്തിന്റെ വിപുലമായ സാഹിത്യസമ്പത്ത് നിങ്ങൾക്ക് സ്വന്തമാണ്. അത് ആസ്വദിക്കാനും അതിലേക്ക് സംഭാവന ചെയ്യാനും ഒരുങ്ങിക്കൊള്ളുക.

വായിക്കാനും എഴുതാനും ഏറെ അവസരങ്ങൾ ഈ പാഠപുസ്തകം നിങ്ങൾക്ക് നൽകുന്നു. ഭാഷാപഠനം രസകരവും വിജ്ഞാനപ്രദവുമാക്കാം. നിങ്ങളുടെ ഭാവനയും ചിന്തയും ഉണരട്ടെ.

സ്നേഹാശംസകളോടെ,

ഡോ. പി.എ. ഫാത്തിമ
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## പാഠപുസ്തക ശില്പശാലയിൽ പങ്കെടുത്തവർ

- ടി.ബി. അജീഷ്കുമാർ, ജി. എച്ച്. എസ്. മാന്നാംകണ്ടം, അടിമാലി, ഇടുക്കി
- അജ്മൽ കക്കോവ്, എസ്. എസ്. എ, മലപ്പുറം
- കെ. അനിൽകുമാർ, ജി. എച്ച്. എസ്. എസ്. ബാരെ, കാസറഗോഡ്
- പി. അബൂബക്കർ സിദ്ദീഖ്, ജി. യു. പി. എസ്, നെച്ചൂള്ളി, പള്ളിക്കുന്ന്, മണ്ണാർക്കാട്
- കെ.എം. ഉണ്ണികൃഷ്ണൻ, ഡയറ്റ്, കണ്ണൂർ
- വി.എം. ഉമ, അന്നൂർ യു. പി. എസ്, പയ്യന്നൂർ
- ജേക്കബ് അറയ്ക്കൽ, മാർത്തോമ എച്ച്. എസ്, ചണ്ണപ്പേട്ട, കൊല്ലം
- പി.എം. നാരായണൻ, റിട്ട. പ്രധാനാധ്യാപകൻ, പാലക്കാട്
- പി. പ്രേമചന്ദ്രൻ, ജി. ജി. എച്ച്. എസ്. എസ്. പയ്യന്നൂർ
- എം.എസ്. മനോജ്, ജി. വി. എം. എച്ച്. എസ്. എസ്. ആലങ്കോട്, തിരുവനന്തപുരം
- എം. രഘുനാഥ്, ജി. എം. എച്ച്. എസ്. എസ്. കോഴിക്കോട്
- ടി.എ. രാജീവൻ, പേരാമ്പ്ര എച്ച്. എസ്. എസ്, കോഴിക്കോട്
- എം. ശ്രീഹർഷൻ, നമ്പ്രത്ത്കര യു. പി. എസ്, കോഴിക്കോട്
- പി. സത്യനാഥൻ, ഡയറ്റ്, മലപ്പുറം
- എ. സലീം, ജി. ജി. എച്ച്. എസ്. എസ്. നെടുമങ്ങാട്, തിരുവനന്തപുരം
- ആർ.പി. ശിവകുമാർ, എസ്. ആർ. വി. എച്ച്. എസ്. എസ്. എറണാകുളം
- വി. ഹരിപ്രിയ, സെന്റ് പീറ്റേഴ്സ് എസ്. യു. പി. എസ്, എരുത്തേൻപതി, പാലക്കാട്
- കെ.ബി. ഹൃഷികേശ്, സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്

## ചിത്രരചന

- മദനൻ, ആർട്ട് എഡിറ്റർ, മാതൃഭൂമി, കോഴിക്കോട്
- ജനു മഞ്ചേരി
- പി. രമേശൻ, ഇരിങ്ങണ്ണൂർ എച്ച്. എസ്. എസ്, വടകര
- എൻ.ടി. രാജീവ്, ജി. എച്ച്. എസ്. എസ്. തരിയോട്, വയനാട്
- സന്തോഷ് വെളിയന്നൂർ
- സുരേഷ് ചാലിയത്ത്, ജി. എച്ച്. എസ്. കുറുക, മലപ്പുറം

## വിദഗ്ധപരിശോധന

- ഡോ. ജോർജ് ഓണക്കൂർ, മുൻ ഡയറക്ടർ, സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്.
- ഡോ. ഡി. ബഞ്ചമിൻ, റിട്ട. പ്രൊഫസർ, കേരളസർവകലാശാല
- ഡോ. പി. സോമനാഥൻ , അസി. പ്രൊഫസർ, കോഴിക്കോട് സർവകലാശാല
- ഡോ. ബി.വി. ശശികുമാർ, അസോ. പ്രൊഫസർ, കേരളസർവകലാശാല
- ഡോ. വിജയൻ ചാലോട്, എസ്. എസ്. എ. കണ്ണൂർ
- ശ്രീ. പി. നാരായണമേനോൻ, റിട്ട. പ്രൊഫസർ, കേരളവർമ കോളേജ്, തൃശ്ശൂർ
- ശ്രീ. അക്ബർ കക്കട്ടിൽ, വൈസ് പ്രസിഡന്റ്, കേരള സാഹിത്യ അക്കാദമി
- ശ്രീ. ബി. രാമചന്ദ്രൻപിള്ള, റിട്ട. പ്രൊഫസർ, യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം

## അക്കാദമിക് കോഡിനേറ്റർ

- ഡോ. പി.കെ. തിലക്, റിസർച്ച് ഓഫീസർ എസ്.സി.ഇ.ആർ.ടി. കേരളം

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# ഉള്ളടക്കം

1. **ജീവൽസ്പന്ദങ്ങൾ** 7
കൊച്ചനുജൻ ........ 8
അശ്വതി ........ 11
നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു ........ 17

2. **ചിറകുള്ള ചിത്രങ്ങൾ** 22
അരങ്ങ് ഉണരുന്നു ........ 23
ഒരു മനുഷ്യൻ ........ 28
പീച്ച് പൂന്തോട്ടം ........ 35

3. **അറിവായ് നിറവായ്** 42
വെള്ളപ്പൊക്കം ........ 43
അശാന്തിയുടെ വേനലിലെ കുളിര് ........ 46
മീനുകളുടെ ആകാശവും
പറവകളുടെ ഭൂമിയും ........ 51

**പദപരിചയം** 65

KT 19-2/Malayalam-7(BT) (Vol-I)

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



1

# ജീവൽസ്പന്ദങ്ങൾ



എന്റെ ഭൂമിയായ് വെള്ളമായ് വായുവായ്
എന്റെ നിത്യനിദാനമാം സ്നേഹമേ,
നെഞ്ചിൽ നീർവീഴ്ച ഞെക്കി ഞെരുക്കവേ
നെല്ലരിത്തിള വെള്ളപ്പകർച്ചയായ്
എൻ മുറിപ്പാടു പൊത്തിപ്പൊതിഞ്ഞിടും
പഞ്ഞിയായ് നേർത്ത ശീലയായ് ചീന്തലായ്
എന്റെ വേരിന്റെ മണ്ണിൽ വളങ്ങളായ്
എന്റെ ചില്ലയ്ക്കു സൂര്യപ്രകാശമായ്
എന്റെ അന്നമായ് ഉപ്പായ് അനച്ചമായ്*
എന്റെ നിത്യനിദാനമാം സ്നേഹമേ

**(സ്നേഹത്തിന്റെ വർത്തമാനം)** **ജി. കുമാരപിള്ള**

- സ്നേഹത്തെ കവി എന്തൊക്കെയായാണ് കൽപ്പിക്കുന്നത്? അതിനുള്ള കാരണങ്ങൾ എന്താവാം?

---

* അനച്ചം = ഇളം ചൂട്



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# കൊച്ചനുജൻ

ചേതന പോലവേ കാത്തതല്ലേ
ചേച്ചിയിച്ചേലണിപ്പാവകളെ
ചേറാണ്ടൊരെന്റെ കൈതൊട്ടുപോയാ,ലൊട്ടു
ചേതം വരുമെന്നു ചൊന്നതല്ലേ?
എന്തിനേ പിന്നെ നീയെന്റെ മുമ്പി-
ലിമ്മനോഹാരിത വെച്ചുതന്നു,
തേരോടിക്കാറ്റിന്നായേറെച്ചുകന്ന പൂ
വാരിക്കൊടുക്കുന്ന വള്ളിപോലെ?



എന്തിനേ ചേച്ചി തൻ പുസ്തകങ്ങ-
ളെന്നലമാരിയിൽക്കൊണ്ടു വെച്ചു,
നിത്യം പെറുന്ന മയിൽപ്പീലിക്കണ്ണുകൾ
പൊത്തി മറച്ചിട്ടു മാറ്റിടാതേ?

നൂലിൽ നീ കോർത്തൊരു നാളിൽ മാത്രം
ചേലിൽ ഞാനിട്ട പളുങ്കുമാല
ഊരിത്തരേണ്ട, പെൺകുട്ടികൾക്കാണത്രേ
സാരിയും മാലയും ചേർച്ചയുള്ളൂ.

നീയെന്താണിങ്ങനെ മൂകയാവാൻ
നിന്മിഴിയെന്തേ കലങ്ങി നിൽക്കാൻ
ഇങ്ങനെയിങ്ങനെയാകിലേ നല്ലൂവെ-
ന്നിന്നും കലമ്പിയോ നിന്നോടമ്മ?

ഇന്നലെ തെക്കേപ്പുറം വളപ്പിൽ
കുന്നിക്കുരുവും പെറുക്കി നിൽക്കേ
എന്നുള്ളിലിപ്പോഴൊരീഷൽ -എന്തോതാനാ-
ണമ്മ വിളിച്ചതു നിന്നെമാത്രം?
ഉമ്മറത്തിണ്ണയിൽ വന്നിരുന്നു

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



നമ്മളറിയാത്തോരേറെയാൾക്കാർ
കന്മതിലിന്മേൽക്കളം നിറഞ്ഞോരുനാ-
ളമ്പലപ്രാവുകളെന്നപോലെ,
നിന്നെ വിളിച്ചു വരുത്തിയമ്മ
പിന്നാലെ വേണ്ടാതെ, ഞാനുമെത്തീ
എൻനേർക്കതിലൊരാൾ പുഞ്ചിരിക്കൊണ്ടപ്പോ-
ളൊന്നിടിക്കാനെൻ മനസ്സിൽ വന്നു.

ആളൊഴിഞ്ഞന്തി വിളക്കു വെച്ചു
ബാലപാഠം ഞാനുരുവിടുമ്പോൾ
ആരുമകായിലി,ല്ലെന്തേ വടക്കിനി-
മൂലയിലിത്രയും നാട്ടുകൂട്ടം?
തേങ്ങിയതാരേ, ചിരിച്ചതാരേ
തേടി ഞാനങ്ങോട്ടു വന്നനേരം?
ഞാനറിയാതുള്ള ഭാഷ മുരളുന്ന
തേനീച്ചക്കൂടാണതെന്നു തോന്നി.

നീയെന്നരികിലിരുന്നു രാവിൽ
നീ മന്ദമന്ദം പുറം തലോടി
നീണ്ട നെടുവീർപ്പുകൊണ്ടുറക്കീട്ടു, ഞാൻ
കണ്ടു കനത്ത കിനാവനേകം
പോവുകയാണു നീ വേറെയെങ്ങോ
പൊന്നനുജാതനെ കൂട്ടിടാതെ
പാവയും പീലിയും ചേച്ചിയെ കാണാതെ
പാവം കരയുകിലെന്തു ചെയ്യും?



ഞാനിനിത്താനേ കുളിച്ചുകൊള്ളാം,
ഞാനിനിത്താനേ കിടന്നുറങ്ങാം;
ആവില്ലാതൊന്നുമെന്നായവയെക്കൊണ്ടു
പോവുകയാവും കുറച്ചു ഭേദം.
നീ നട്ടു ചെന്തളിർ മുറ്റി നിൽക്കും
തൂമുല്ലയുണ്ടിളം മൊട്ടിടുന്നു.
ആഴത്തിലത്രയും താണിറങ്ങിപ്പോയ
വേരിനിയെങ്ങനെ നീ പറിക്കും?

**- ഇടശ്ശേരി ഗോവിന്ദൻനായർ**



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### വരികളിലൂടെ

- ചേച്ചിയുടെ പെരുമാറ്റത്തിൽ കൊച്ചനുജൻ കണ്ടെത്തിയ മാറ്റങ്ങൾ കാവ്യഭാഗത്തുനിന്ന് കണ്ടെത്തി ചൊല്ലൂ.
- "പാവയും പീലിയും ചേച്ചിയെ കാണാതെ
  പാവം കരയുകിലെന്തു ചെയ്യും?"
  അനുജന്റെ നിസ്സഹായത വെളിപ്പെടുത്തുന്ന മറ്റു വരികൾ കണ്ടെത്തി അവതരിപ്പിക്കൂ.
- ചേച്ചി കല്യാണം കഴിഞ്ഞ് വീട്ടിൽനിന്ന് പോവുകയാണെന്ന് കൊച്ചനുജൻ അറിയുന്നില്ല. ഇത് കവിതയിൽ എങ്ങനെയാണ് സൂചിപ്പിക്കുന്നത്?
- ചേച്ചിയുടെ മനസ്സിൽ ഉണ്ടാവുന്ന വിങ്ങൽ കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

### വിശകലനം ചെയ്യാം

- "ഞാനറിയാതുള്ള ഭാഷ മുരളുന്ന
  തേനീച്ചക്കൂടാണതെന്നു തോന്നി" എന്ന് കുട്ടി പറയുന്നത് എന്തുകൊണ്ട്?
- "ഞാനിനിത്താനെ കുളിച്ചുകൊള്ളാം
  ഞാനിനിത്താനേ കിടന്നുറങ്ങാം" എന്നെല്ലാം പറഞ്ഞ് സ്വയം ആശ്വസിക്കുന്ന കുട്ടിയെക്കുറിച്ച് ഒരു വിവരണം തയാറാക്കുക. പ്രായം, വികാരങ്ങൾ, ചിന്തകൾ, പരിസരം, ബന്ധങ്ങൾ തുടങ്ങിയവ പരിഗണിക്കണം.

### അർഥഭംഗി കണ്ടെത്താം

- "ആഴത്തിലിത്രയും താണിറങ്ങിപ്പോയ
  വേരിനിയെങ്ങനെ നീ പറിക്കും?" - കുട്ടിയുടെ ആശങ്കകളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഇതാണ്. ഇതുകൊണ്ട് അർഥമാക്കുന്നതെന്ത്?
- "നീണ്ട നെടുവീർപ്പുകൊണ്ടുറക്കീട്ടു, ഞാൻ
  കണ്ടു കനത്ത കിനാവനേകം" - നീണ്ട നെടുവീർപ്പ്, കനത്ത കിനാവനേകം എന്നീ പദങ്ങളുടെ അർഥഭംഗി കണ്ടെത്തുക.

### അനുഭവം പങ്കിടാം

- ഈ കവിത നിങ്ങളുടെ മനസ്സിൽ ഉണർത്തിയ ഓർമ്മകളും അനുഭവങ്ങളും വികാരങ്ങളും എന്തൊക്കെയാണ്? കഥയായോ കവിതയായോ എഴുതൂ.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# അശ്വതി

നേരം സന്ധ്യയാകാറായിരുന്നിട്ടും പീടികയിൽ നല്ല തിരക്കായിരുന്നു. എന്നെപ്പോലെത്തന്നെ എല്ലാവരും മഴ തീരാൻ കാത്തുനിന്നതായിരിക്കുമെന്നു ഞാൻ വിചാരിച്ചു.

പകൽ മുഴുവൻ മഴയായിരുന്നല്ലോ. ഇതൊന്ന് തീർന്നിട്ട് പുറത്തേക്കിറങ്ങാം എന്നു കരുതി ഞാൻ വീട്ടിൽത്തന്നെയിരുന്നു. വീട്ടിലാണെങ്കിൽ പല സാധനങ്ങളും ഇല്ലായിരുന്നു. ഉപ്പ്, മുളക്, അരി, ഗോതമ്പുപൊടി - അങ്ങനെ പലതും. പക്ഷേ, എനിക്ക് മഴയത്ത് കുന്നുകയറിയിറങ്ങി പീടികയിലേക്ക് പോകാനുള്ള ശക്തിയുണ്ടായിരുന്നില്ല. അതുകൊണ്ട് ഇടയ്ക്ക് ആകാശത്തേക്കു നോക്കി മറ്റൊന്നും ചെയ്യാതെ അക്ഷമനായി ഞാൻ വീട്ടിലിരുന്നു. പീടികയിൽ വന്നവരിൽ കൂടുതലും പ്രായംചെന്ന തൊഴിലാളി സ്ത്രീകളായിരുന്നു.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അവരിൽ ചിലരെയൊക്കെ എനിക്ക് മുഖപരിചയവുമുണ്ടായിരുന്നു. പീടികയിൽ വച്ചുതന്നെയും പിന്നെ അവിടെ അടുത്തുതന്നെയുള്ള തീപ്പെട്ടിക്കമ്പനിയുടെ മുമ്പിൽവച്ചും മറ്റും. തങ്ങൾക്കു വേണ്ടുന്ന അത്യാവശ്യസാധനങ്ങൾ വാങ്ങി ഇരുട്ടാകുന്നതിനുമുമ്പേ വീട്ടിലെത്താനുള്ള ധൃതിയിലായിരുന്നു അവരൊക്കെ. “മുകുന്ദാ, ദാ എനിക്ക് നൂറ് വെളിച്ചെണ്ണ മാത്രം മതി.'' ''എനിക്ക് രണ്ടുകിലോ അരിയേ വേണ്ടൂ. അതു കൊണ്ടുപോയിട്ടുവേണം... വീട്ടിൽ കുട്ടികളേയുള്ളൂ. ഒന്നു വേഗം തന്നാട്ടെ...” എന്നൊക്കെയുള്ള അവരുടെ പരിദേവനങ്ങൾ കേട്ട് ഞാൻ വരാന്തയുടെ അറ്റത്ത് മാറിനിന്നു.

ഇതിനിടയിൽ പീടികക്കാരൻ എന്നെ കണ്ടുകഴിഞ്ഞിരുന്നു. “എന്താ വേണ്ടത്” എന്ന് ചോദിക്കുകയും ചെയ്തു. പക്ഷേ, ''തിരക്കില്ല. ഇവർക്കൊക്കെ കൊടുത്തിട്ട് മതി'' എന്ന് കൈകൊണ്ടും മുഖംകൊണ്ടും വ്യക്തമാക്കി ഞാൻ വരാന്തയുടെ അറ്റത്തുതന്നെ നിന്നു.

അങ്ങനെ ഒരു സാക്ഷിയെപ്പോലെ അവിടെ നിൽക്കുമ്പോഴാണ് ആ കുട്ടി എന്റെ ശ്രദ്ധയിൽപ്പെട്ടത്. കുട്ടി നിന്നത് എന്റെ വളരെ അരികെത്തന്നെയായിരുന്നു; വരാന്തയുടെ വക്കിലുള്ള തൂണ് ചാരിക്കൊണ്ട്.

കഷ്ടിച്ച് ആറോ ഏഴോ വയസ്സുമാത്രം മതിക്കുന്ന ആ പെൺകുട്ടിക്ക് പറിച്ചുനട്ടതിനുശേഷം വെള്ളം കിട്ടാത്തതിനാൽ വാടിപ്പോയ ഒരു ചെടിയുടെ ദൈന്യമുണ്ടായിരുന്നു. അവളുടെ ഉടുപ്പിന് നിറമുണ്ടായിരുന്നില്ല. അത്രമേൽ അത് പഴകിയിരുന്നു. മുടിയിൽ എണ്ണമയമുണ്ടായിരുന്നില്ല. അത് വാർന്നുകെട്ടുകയോ പിന്നിയിടുകയോ ഒന്നും ചെയ്യാതെ സമൃദ്ധമായി കാടുപിടിച്ചു കിടന്നു. പക്ഷേ, എന്റെ ശ്രദ്ധ ഇതിലൊന്നുമായിരുന്നില്ല.... എന്റെ ശ്രദ്ധ അവളുടെ സാമാന്യത്തിലധികം വലുപ്പമുള്ള മനോഹരമായ കണ്ണുകളിലായിരുന്നു. ആ കണ്ണുകളിൽ ലോകം മുഴുവൻ പ്രതിഫലിക്കുന്നുണ്ടായിരുന്നു. ഞാൻ അവളുടെ ശോഷിച്ച ചുമലിൽ കൈവച്ചുകൊണ്ട് ചോദിച്ചു: “പേരെന്താ?”

കുട്ടി എന്റെ നേരെ സംശയത്തോടെ നോക്കിയതല്ലാതെ ഒന്നും പറഞ്ഞില്ല. ഞാൻ വീണ്ടും ചോദിച്ചപ്പോൾ അവൾ മടിച്ചുകൊണ്ട് പറഞ്ഞു: “അശ്വതി.”

അപ്പോഴും അവളുടെ മുഖത്ത് സംശയമുണ്ടായിരുന്നു. ഞാൻ സന്തോഷത്തോടെ പറഞ്ഞു: “നല്ല പേര്.”

അപ്പോഴും കുട്ടി ഒന്നും പറഞ്ഞില്ല. ഒന്ന് പുഞ്ചിരിക്കപോലും ചെയ്തില്ല.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വരാന്തയുടെ വക്കിലുള്ള മേശയുടെ മുകളിൽ ധാരാളം ഭരണികളുണ്ടായിരുന്നു, കുപ്പിയുടെയും പ്ലാസ്റ്റിക്കിന്റെയും. അവയിലൊക്കെ പലമാതിരി മിഠായികളും ചെറിയ ചെറിയ കേക്കുകളും ബിസ്ക്കറ്റുകളുമായിരുന്നു. മിഠായികൾ മനോഹരമായ വർണക്കടലാസുകളിൽ പൊതിഞ്ഞിട്ടായിരുന്നു...

കുട്ടിയുടെ ചുരുട്ടിപ്പിടിച്ച വലതുകൈ ഒരു ഭരണിയുടെ മുകളിലായിരുന്നു. അവളുടെ ശ്രദ്ധയാകട്ടെ, ഇടയ്ക്ക് ഭരണിയിലും ഇടയ്ക്ക് പീടികക്കാരന്റെ മുഖത്തും മാറിമാറി പതിഞ്ഞു കൊണ്ടിരുന്നു. പക്ഷേ, പീടികക്കാരൻ കുട്ടിയെ കാണുന്നു ണ്ടായിരുന്നില്ല. തിരക്ക് ഏതാണ്ട് തീർന്നപ്പോൾ അയാൾ എന്നോട് പറഞ്ഞു: "കുറേനേരമായല്ലോ വന്നിട്ട്. എന്തൊക്കെയാ?"

പക്ഷേ, ഞാൻ പറഞ്ഞു: "അത് സാരമില്ല. നിങ്ങൾ ആദ്യം ഇവളെ വിടൂ. ഇവൾ എന്നേക്കാൾ മുമ്പേ വന്നതാ." എന്നിട്ട് അവളുടെ വലിയ കണ്ണുകളിലേക്ക് സ്നേഹത്തോടെ നോക്കി ഞാൻ പറഞ്ഞു: "അല്ലേ?"

പീടികക്കാരൻ വരാന്തയുടെ വക്കത്ത്, കുട്ടി നിന്നിടത്തേക്ക് വന്നു ചോദിച്ചു: "എന്താ വേണ്ടത് മോളേ?"

കുട്ടി അപ്പോൾ മുറുക്കിപ്പിടിച്ച കൈകൊണ്ട് ഭരണി തൊട്ടു കാണിച്ചു.

പീടികക്കാരൻ 'എത്ര'യെന്ന് ചോദിച്ചപ്പോൾ കൈതുറന്നു കാണിച്ചു. അവളുടെ കൈയിലുണ്ടായിരുന്നത് ക്ലാവ് പിടിച്ച ഒരിരുപതു പൈസത്തുട്ടായിരുന്നു.

പീടികക്കാരൻ പെട്ടെന്ന് പറഞ്ഞു: ''മോളേ, ഇതിന് അമ്പതുപൈസയാണല്ലോ!"

ഭരണിയുടെ മൂടി തുറക്കാൻ പോയ അയാൾ പിന്നീടത് തുറന്നില്ല. ആ കുട്ടിയുടെ മുഖത്തേക്ക് നോക്കിയില്ല. എന്നിട്ട് വിശേഷിച്ചൊന്നും സംഭവിക്കാത്ത മട്ടിൽ എന്നോട് ചോദിച്ചു: "എന്തൊക്കെയാ? അരി വേണ്ടേ? എത്ര കിലോയാ?"

കുട്ടിയുടെ നീട്ടിയ കൈയിൽ അപ്പോഴും ആ തുട്ടുണ്ടായിരുന്നു. അവളുടെ കൈയാകട്ടെ, ഭരണിയുടെ പുറത്തുമായിരുന്നു.

പീടികക്കാരൻ പറഞ്ഞതൊന്നും അവൾക്ക് മനസ്സിലായിട്ടുണ്ടാവില്ല എന്ന് ഒരുൾക്കിടിലത്തോടെ ഞാൻ ഓർത്തു. ഞാൻ പീടികക്കാരനോട് ചോദിച്ചു: "ഇവിടെ അമ്പത് പൈസയിൽ കുറഞ്ഞ മിഠായി ഇല്ലേ?"

ഇല്ല എന്ന് അയാൾ തലയാട്ടി. എന്നിട്ട് പറയുകയും ചെയ്തു: "മുട്ടായിക്കൊക്കെ ഇപ്പോൾ തീവിലയല്ലേ?"



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



നിമിഷനേരം അവിടത്തെ ഭരണികളിലൊക്കെ കണ്ണോടിച്ചശേഷം ഒരു വലിയ ഭരണിയിൽനിന്ന് മനോഹരമായ വർണക്കടലാസിൽ പൊതിഞ്ഞ ഒരു മിഠായി ഞാനെടുത്തു. അതിന് അൽപ്പം നീണ്ട ഒരു പിടിയുമുണ്ടായിരുന്നു.

ഞാൻ ചോദിക്കാതെതന്നെ പീടികക്കാരൻ പറഞ്ഞു: "അത് 'ലോലിപോപ്പാ'. ഒന്നര ഉറുപ്പികയാ വില."

ഞാൻ ഒന്നും പറയാതെ ഒരു 'ലോലിപോപ്പെ'ടുത്ത് കുട്ടിയുടെ കൈയിൽ വച്ചുകൊടുത്തു. കുട്ടി മടിച്ചപ്പോൾ ഞാൻ അവളെ എന്നോടു ചേർത്തുപിടിച്ച് അവളുടെ കണ്ണുകളിലേക്ക് ഉറ്റുനോക്കിക്കൊണ്ട് പറഞ്ഞു: "ഇത് നിനക്കാ. വാങ്ങിക്കോ."

കുട്ടി എന്റെ മുഖത്തേക്ക് നോക്കിനിന്നതല്ലാതെ മിഠായി വാങ്ങിയില്ല. അജ്ഞാതമായ ഒരു ഭയമോ മടിയോ ആ കുട്ടിയെ പിറകോട്ടു വലിക്കുന്നതു പോലെയുണ്ടായിരുന്നു.

എന്റെ മനസ്സ് പൊടുന്നനെ ദുഃഖംകൊണ്ട് നിറഞ്ഞു. ഞാൻ വീണ്ടും അവളെ എന്നോട് ചേർത്തുപിടിച്ചു പറഞ്ഞു: "ഇത് നിനക്കാ."

അപ്പോൾ പീടികക്കാരൻ പറഞ്ഞു: "വാങ്ങിക്കോ മോളേ, അച്ചാച്ചൻ തരുന്നതല്ലേ."എന്നിട്ട് അയാൾ അത് കുട്ടിയുടെ കൈയിൽ നിർബന്ധപൂർവം വച്ചുകൊടുത്തു.

കുട്ടി ഒരു നിമിഷനേരം എന്റെ കണ്ണുകളിലേക്ക് സൂക്ഷിച്ചു നോക്കി. അപ്പോൾ പൊടുന്നനെ അവളുടെ മുഖം പ്രകാശപൂരിതമാകുകയും ചെയ്തു. ഞാൻ ഒന്നും പറയാതെ അവളെത്തന്നെ നോക്കി അവിടെ നിൽക്കുകമാത്രം ചെയ്തു. പിന്നീട് അവൾ റോഡിലേക്കിറങ്ങിയപ്പോൾ പീടികക്കാരൻ പറഞ്ഞു: "നിൽക്ക്."

അയാൾ ആദ്യത്തെ ഭരണിയിൽനിന്ന് ഒരു മിഠായി എടുത്ത് കുട്ടിയുടെ കൈയിൽ വച്ചുകൊടുത്തു. "ഇതാ, ഇതും നീയെടുത്തോളൂ."

കുട്ടി അപ്പോഴും അവളുടെ കൈയിലുണ്ടായിരുന്ന ഇരുപതു പൈസത്തുട്ട് അയാൾക്ക് കൊടുത്തു. അയാൾ അതു വാങ്ങില്ല എന്നായിരുന്നു ഞാൻ കരുതിയത്. പക്ഷേ, അയാൾ അതു വാങ്ങി. എന്റെ നോട്ടം കണ്ടപ്പോൾ അയാൾ പറഞ്ഞു: "എന്നാലും എനിക്ക് നഷ്ടം തന്നെയാ."

ഞാൻ ഒന്നും പറഞ്ഞില്ല. എങ്കിലും അയാളുടെ മുഖത്ത് ജാള്യമുണ്ടെന്ന് എനിക്കു തോന്നി. കുട്ടിയുടെ മുഖത്ത് എന്തെന്നില്ലാത്ത സന്തോഷമുണ്ടായിരുന്നു. പീടികക്കാരൻ വീണ്ടും പറഞ്ഞു: "തീപ്പെട്ടിക്കമ്പനിയിലെ ഒരു തമിഴന്റെ മകളാ."

ഞാൻ ഒന്നും പറഞ്ഞില്ല. പീടികവരാന്തയിലെ അരണ്ട വെളിച്ചത്തിന്റെ ഒരംശം റോഡിലുണ്ടായിരുന്നു. ആദ്യം കുട്ടി വളരെ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



പതുക്കെയേ നടന്നുള്ളൂ. രണ്ടു മിഠായിയും അവൾ തന്റെ കുഞ്ഞിക്കൈയിൽ ഭദ്രമായി പിടിച്ചിട്ടുണ്ടായിരുന്നു. പിന്നീട് അവളുടെ നടത്തത്തിന്റെ വേഗം കൂടുകയും ഒടുവിൽ അവൾ ഓടി ഇരുളിൽ മറയുകയും ചെയ്തു. എന്റെ സാധനങ്ങളൊക്കെ എടുത്തുകിട്ടിയ ശേഷം ഞാനും വീട്ടിലേക്കു നടന്നു. സഞ്ചിയുടെ ഭാരം നിമിത്തമായിരിക്കാം, ഞാൻ വളരെ പതുക്കെയേ നടന്നിരുന്നുള്ളൂ. കുന്നുകയറി, ഇറങ്ങി, അങ്ങനെ...

**ടി. പത്മനാഭൻ**

## വായിക്കാം പറയാം

- കഥാനായകന് കുട്ടിയോടുള്ള അടുപ്പം വർധിച്ചുവരുന്ന സന്ദർഭങ്ങൾ കഥയിൽനിന്ന് കണ്ടെത്തൂ.
- കഥാനായകന്റെ ചോദ്യങ്ങൾക്കൊന്നും കുട്ടി പ്രതികരിക്കാതിരുന്നത് എന്തുകൊണ്ടാവാം?
- അതുവരെ കഥാനായകനോടോ കടക്കാരനോടോ ഒന്നും പ്രതികരിക്കാതിരുന്ന കുട്ടി ഒരു സന്ദർഭത്തിൽ പ്രതികരിക്കുന്നതു കാണാം. ആ സന്ദർഭം ഏത്? അതിന്റെ പ്രത്യേകതയെന്ത്?

## വായിക്കാം വിശകലനം ചെയ്യാം

- “അങ്ങനെ ഒരു സാക്ഷിയെപ്പോലെ അവിടെ നിൽക്കുമ്പോഴാണ് ആ കുട്ടി എന്റെ ശ്രദ്ധയിൽപ്പെട്ടത്” – ഏതൊക്കെ സാഹചര്യങ്ങളും കുട്ടിയുടെ എന്തെല്ലാം സവിശേഷതകളുമാണ് അയാളുടെ ശ്രദ്ധ ആകർഷിക്കാൻ ഇടയാക്കിയത്?
- “അവളുടെ നടത്തത്തിന് വേഗം കൂടുകയും ഒടുവിൽ അവൾ ഓടി ഇരുളിൽ മറയുകയും ചെയ്തു.”
  “ഞാൻ വളരെ പതുക്കയേ നടന്നിരുന്നുള്ളൂ.”
  ഈ സന്ദർഭങ്ങൾ കഥാപാത്രങ്ങളുടെ ഏതൊക്കെ മാനസികാവസ്ഥകളെയാണ് സൂചിപ്പിക്കുന്നത്?
- കച്ചവടക്കാരൻ എന്ന കഥാപാത്രത്തെക്കുറിച്ച് നിങ്ങളുടെ വിലയിരുത്തലെന്ത്? തെളിവുകൾ സഹിതം വിശദീകരിക്കുക.
- “ആ പെൺകുട്ടിക്ക് പറിച്ചുനട്ടതിനു ശേഷം വെള്ളം കിട്ടാത്തതിനാൽ വാടിപ്പോയ ഒരു ചെടിയുടെ ദൈന്യം.”
  കഥാപാത്രത്തിന്റെ ഏതൊക്കെ അവസ്ഥകളെയാണ് ഇത് സൂചിപ്പിക്കുന്നത്? കഥാപാത്രത്തെ പരിചയപ്പെടുത്തിക്കൊണ്ടുള്ള കുറിപ്പ് തയാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### വായിക്കാം അഭിനയിക്കാം

- കഥ വായിച്ചപ്പോൾ നിങ്ങൾക്ക് ഇഷ്ടപ്പെട്ട സന്ദർഭങ്ങൾ ഏതെല്ലാം? ആ ഭാഗം അഭിനയിച്ച് അവതരിപ്പിക്കുക.

### വായന വിലയിരുത്താം


- കഥ നടക്കുന്ന പശ്ചാത്തലവും കഥാപാത്രങ്ങളുടെ സവിശേഷതകളും അവരുടെ മാനസികാവസ്ഥയും നിങ്ങൾ പരിചയപ്പെട്ടല്ലോ. ഇവയ്ക്കു യോജിക്കുംവിധം കഥ ഉറക്കെ വായിച്ച് അവതരിപ്പിക്കൂ.
- വായനയെ എങ്ങനെ വിലയിരുത്താം?
    - ഉചിതമായ ശബ്ദനിയന്ത്രണം
    -

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു



നാം പാർക്കുന്ന ലോകവും നാം ജീവിക്കുന്ന ലോകവും തമ്മിൽ വലിയ അന്തരമുണ്ട്. ഒരേ നഗരത്തിൽ ഒരേ തെരുവിൽ പാർക്കുന്ന രണ്ടു വ്യക്തികൾ രണ്ടു വ്യത്യസ്ത ലോകങ്ങളിൽ ജീവിക്കുന്നതായി കാണാം. എവിടെ നാം പാർക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവോ, അതാണ് നമ്മുടെ ലോകം; പരിസരങ്ങളും പാരമ്പര്യങ്ങളുമാണ് ഈ ലോകത്തെ രൂപപ്പെടുത്തുന്നതെന്നാണ് ഇതുവരെ ശാസ്ത്രജ്ഞന്മാർ വാദിച്ചിരുന്നത്. എന്നാൽ ആധുനികമനശ്ശാസ്ത്രം പുതിയൊരു വാദം പുറപ്പെടുവിച്ചിരിക്കുന്നു. പരിസരങ്ങളോ പാരമ്പര്യങ്ങളോ അല്ല, മനസ്സിന്റെ സ്ഥിതിയും പ്രവർത്തനഗതിയുമാണ് ഓരോ മനുഷ്യന്റെയും ലോകത്തെ സൃഷ്ടിക്കുന്നതെന്ന് അവർ വാദിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവരവരുടെ ജീവിതതാൽപ്പര്യങ്ങളാണ് ഓരോരുത്തരുടെയും ലോകത്തെ വാർത്തെടുക്കുന്നത്. നമ്മുടെ ചിന്തകളും ലക്ഷ്യങ്ങളും വികാരങ്ങളും നാം ജീവിക്കുന്ന ലോകം സൃഷ്ടിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



തന്റേതെന്നു പറയുവാൻ യാതൊന്നുമില്ലാത്ത ലോകരംഗത്തിൽ പ്രവേശിക്കുന്ന ഒരു വ്യക്തിക്കുപോലും അവന്റെ മനോവ്യാപാരങ്ങൾ ശരിയായി നിയന്ത്രിക്കുന്നതായാൽ, സുഖമായി ജീവിക്കുന്നതിനുള്ള ലോകം സൃഷ്ടിക്കുവാൻ കഴിയുമെന്നാണ് ശാസ്ത്രജ്ഞരുടെ അഭിപ്രായം. മനസ്സിനു വികാസവും വിശാലതയും കൂടുന്നതിനനുസരിച്ച്, താൻ ജീവിക്കുന്ന ലോകത്തെ വികസിപ്പിക്കുവാനും പ്രബുദ്ധമാക്കുവാനും അയാൾക്കു കഴിയും. ലോകനേതാക്കന്മാരുടെയും ലോകാചാര്യന്മാരുടെയും പ്രവാചകന്മാരുടെയും ചരിത്രം പരിശോധിച്ചു നോക്കുക. അവരിൽ പലരും തങ്ങൾ ജനിച്ച ലോകത്തിൽനിന്നു ഭിന്നമായ ഒരു ലോകത്തിൽ ജീവിച്ചവരാണ്. തങ്ങളുടെ പരിസരങ്ങളെ അവഗണിച്ച് പാരമ്പര്യവും അന്ധവിശ്വാസവും ഉറപ്പിച്ച മതിൽക്കെട്ടുകളെ തട്ടിത്തകർത്തു പുതിയൊരു ലോകം കെട്ടിപ്പടുത്തവരാണവർ.

ഒരു പ്രത്യേക പരിതസ്ഥിതിയിൽ നാം പാർക്കേണ്ടിവന്നതിനുള്ള ഉത്തരവാദിത്വം നമുക്കില്ല. എങ്ങനെയോ നാം അവിടെ ജനിച്ചു. അതിനു യാതൊരാളോടും സമാധാനം പറയേണ്ടതില്ല. എന്നാൽ നമ്മുടെ ലക്ഷ്യത്തെയും യാത്രയെയും സംബന്ധിച്ചിടത്തോളം പൂർണമായ ഉത്തരവാദിത്വം നമുക്കുണ്ട്. നാം ജനിച്ചു വളർന്ന പരിതസ്ഥിതിയല്ല പ്രാധാന്യമർഹിക്കുന്നത്; ജീവിതത്തിൽ നമ്മുടെ പ്രവർത്തനരംഗമായി നാം തന്നെ സജ്ജീകരിക്കുന്ന പരിതസ്ഥിതിയാണ്.

ഒരാളുടെ ജീവിതത്തെ വ്രണപ്പെടുത്തിയ സംഭവങ്ങൾ മറ്റൊരാളുടെ ജീവിതത്തിന് ഒരു പുതിയ ഉദ്ദേശ്യമുണ്ടാക്കിയെന്നു വരാം.

ഈ ഗ്രന്ഥകാരന് പരിചിതമായിരുന്ന രണ്ടാളുടെ അനുഭവങ്ങൾ ഈ സന്ദർഭത്തിൽ ഓർമ്മവരുന്നു. എത്രയും പ്രിയപ്പെട്ട ഭാര്യ മരിച്ചപ്പോൾ, എങ്ങനെയെങ്കിലും ദിവസം കഴിക്കണം എന്നു മാത്രമായി അയാളുടെ വിചാരം. അതേ തരത്തിലുള്ള ആപത്തുതന്നെ മറ്റൊരാളിൽ നേരെ വിപരീതമായ ഫലമാണുണ്ടാക്കിയത്. അത് ആത്മീയവിഷയങ്ങളിലേക്ക് അദ്ദേഹത്തിന്റെ മനസ്സിനെ തിരിച്ചു, ഒരു പുതിയ ലോകത്തേക്ക് അദ്ദേഹത്തെ നയിച്ചു.

ഇരുട്ടടഞ്ഞ ലോകത്തിൽ ഒരാൾക്ക് തന്റെ മനപ്രകാശത്തിന്റെ സഹായത്തോടുകൂടി മുന്നോട്ടു പോകുവാൻ സാധിക്കുന്നു. മനസ്സിൽ വെളിച്ചമില്ലാത്ത മറ്റൊരാളാവട്ടെ, പകൽവെളിച്ചത്തിൽ പോലും വഴി കാണാതെ നട്ടം തിരിയുന്നു.

ശരിയായി ആലോചിച്ചു നോക്കുമ്പോൾ ജീവിതത്തിൽ നമുക്കു വല്ല നിരാശയ്ക്കും അവകാശമുണ്ടോ? ജീവിതത്തെ തനിക്കും മറ്റുള്ളവർക്കും ഉപയോഗപ്രദമായ ഒരു മനോഹരാരാമമായി

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മാറ്റുവാൻ കഴിയുമ്പോൾ, ഓരോരുത്തരും സ്വന്തം താൽപ്പര്യങ്ങൾക്കും വികാരങ്ങൾക്കും അനുസരിച്ച് ഓരോ ലോകം സൃഷ്ടിക്കുന്നു. നമ്മുടെ സവിശേഷ ശ്രദ്ധ ആകർഷിക്കുന്ന ലോകം ഏതോ, അതായിരിക്കും നാം ജീവിക്കുന്ന ലോകവും.

**(ജീവിതചിന്തകൾ)** **കെ. പി. കേശവമേനോൻ**

### ചോദ്യങ്ങൾ ഉണ്ടാക്കൂ

- ലേഖനത്തിലെ പ്രധാനാശയങ്ങൾ ഉത്തരമായി വരുന്ന ചോദ്യങ്ങൾ തയാറാക്കുക.

### വാദങ്ങൾ പരിശോധിക്കാം

- ഈ ലേഖനത്തിലെ ആശയങ്ങളുമായി ബന്ധപ്പെട്ടുള്ള ചില പ്രസ്താവനകൾ ചുവടെയുണ്ട്. ലേഖകന്റെ അഭിപ്രായവുമായി തട്ടിച്ചുനോക്കി അവ ശരിയോ തെറ്റോ എന്നു കണ്ടെത്തുക. തെറ്റുള്ളത് തിരുത്തി എഴുതുക.
    - നമ്മുടെ ലോകം എന്നത് നാം താമസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഇടമാണ്.
    - നാം ഓരോരുത്തരുടെയും ജീവിതതാൽപ്പര്യങ്ങളാണ് മറ്റുള്ളവരുടെ ലോകത്തെ ഉണ്ടാക്കുന്നത്.
    - ഒരാൾ ലോകനേതാവാകുന്നത് അയാൾ ജീവിക്കുന്ന ലോകത്തെ വികസിപ്പിക്കാനും ഉണർത്തുവാനും ശ്രമിക്കുന്നതിലൂടെയാണ്.
    - നമ്മുടെ ജീവിതത്തിലുണ്ടാകുന്ന ചില തിരിച്ചടികൾ മറ്റുള്ളവർക്കും അവരുടെ ജീവിതത്തെ മെച്ചപ്പെടുത്തുന്നതിനുള്ള പാഠമായി മാറാം.
    - ലോകം ഇരുൾ നിറഞ്ഞതാണ്. അതിലൂടെ ആർക്കും മുന്നേറാൻ കഴിയുകയില്ല.

ഓരോന്നിനെക്കുറിച്ചുമുള്ള നിങ്ങളുടെ വാദങ്ങൾ തെളിവു സഹിതം അവതരിപ്പിക്കൂ.

### തെളിവുകൾ കണ്ടെത്താം

- "ഒരാളുടെ ജീവിതത്തെ വ്രണപ്പെടുത്തിയ സംഭവങ്ങൾ മറ്റൊരാളുടെ ജീവിതത്തിന് ഒരു പുതിയ ഉദ്ദേശ്യമുണ്ടാക്കിയെന്നു വരാം."

ഈ വാദം സാധൂകരിക്കാൻ ഗ്രന്ഥകാരൻ നൽകുന്ന തെളിവെന്ത്? കൂടുതൽ തെളിവുകൾ കണ്ടെത്താമോ?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### വിശകലനം ചെയ്യാം

“രണ്ടാം ലോകമഹായുദ്ധത്തിൽ അമേരിക്കയുടെ ഒരു ബോംബർ ആയിരുന്നു ഗാരി ഡേവിഡ്. വിമാനത്തിലിരുന്ന് ജർമ്മനിയിലെ ഒരു പ്രദേശത്ത് ബോംബുകൾ വർഷിച്ച് കടന്നുപോകവേ ബൈനോക്കുലറിലൂടെ ആ സ്ഥലങ്ങൾ അദ്ദേഹം സൂക്ഷ്മമായി നിരീക്ഷിച്ചു. തകർന്നടിഞ്ഞ വ്യവസായശാലകൾ, ദേവാലയങ്ങൾ, നിലംപരിശായ വീടുകൾ, കെട്ടിടങ്ങൾ, കത്തിക്കരിഞ്ഞ കൃഷിസ്ഥലങ്ങൾ. ഗാരി ഡേവിഡിന്റെ മനസ്സ് മരവിച്ചുപോയി. നാട്ടിൽ തിരിച്ചെത്തിയ ഗാരി ആകെ അസ്വസ്ഥനായിരുന്നു. യുദ്ധവും അതിന്റെ അലകളും അടങ്ങിയ ശേഷം എന്തോ നിശ്ചയിച്ചുറച്ച മനസ്സോടെ അദ്ദേഹം ജർമ്മനിയിലേക്കു പോയി. താൻ ബോംബ് വർഷിച്ച സ്ഥലത്ത് പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു. ഗാരി അതിന്റെ നേതൃത്വം സ്വയം ഏറ്റെടുത്തു. താൻ തകർത്തിട്ടതെല്ലാം അദ്ദേഹം വീണ്ടും പഴയപോലെ നിർമ്മിച്ചെടുത്തു.”

- ഈ അനുഭവം ലേഖനത്തിലെ ഏത് ആശയത്തോടാണ് യോജിക്കുന്നത്? എന്തുകൊണ്ട്?

### ചിഹ്നം ചേർക്കൽ

- “എവിടെ നാം പാർക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവോ, അതാണ് നമ്മുടെ ലോകം; പരിസരങ്ങളും പാരമ്പര്യങ്ങളുമാണ് ഈ ലോകത്തെ രൂപപ്പെടുത്തുന്നതെന്നാണ് ഇതുവരെ ശാസ്ത്രജ്ഞന്മാർ വാദിച്ചിരുന്നത്.”

  ഈ വാക്യത്തിൽ അർധവിരാമം (;) ചേർത്തതിന്റെ ഔചിത്യം എന്താണ്? ചർച്ചചെയ്യുക.

### ബന്ധിപ്പിക്കൂ

- ‘നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു’ എന്ന ലേഖനത്തിൽ ഇങ്ങനെ പറയുന്നു:

  “മനസ്സിനു വികാസവും വിശാലതയും കൂടുന്നതിനനുസരിച്ച്, താൻ ജീവിക്കുന്ന ലോകത്തെ വികസിപ്പിക്കുവാനും പ്രബുദ്ധമാക്കുവാനും അയാൾക്കു കഴിയും.”

  ‘അശ്വതി’ എന്ന കഥയിലെ ഏതു കഥാപാത്രവുമായി ഈ പ്രസ്താവനയെ ബന്ധപ്പെടുത്താം? എന്തുകൊണ്ട്?

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- 'കൊച്ചനുജൻ'എന്ന കവിതയിലും 'അശ്വതി'എന്ന കഥയിലും സ്നേഹമാണ് പ്രധാന വിഷയം. എന്നാൽ രണ്ടിലും അത് പ്രകടമാവുന്നത് ഒരുപോലെയല്ല. വ്യത്യാസം വിശദീകരിക്കുക.

## ഞാൻ എന്നെക്കുറിച്ച്

| | പൂർണമായി | ഭാഗികമായി | കുറച്ചുമാത്രം |
|---|---|---|---|
| • കവിതയിലെ ആശയങ്ങൾ കണ്ടെത്താൻ കഴിയുന്നു. | | | |
| • കവിതയിലും കഥയിലും അടങ്ങിയ വികാരങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്നു. | | | |
| • കഥാപാത്രങ്ങളുടെ (കഥയിലെയും കവിതയിലെയും) മാനസികാവസ്ഥയും പ്രത്യേകതകളും വിശകലനം ചെയ്യാൻ കഴിയുന്നു. | | | |
| • കഥാസന്ദർഭങ്ങൾ അഭിനയിച്ച് പ്രകടിപ്പിക്കാൻ കഴിയുന്നു. | | | |
| • ലേഖനത്തിലെ പ്രധാനാശയങ്ങൾ കണ്ടെത്തുന്നു. | | | |
| • വാദങ്ങൾ സാധൂകരിക്കാൻ ലേഖനത്തിലുപയോഗിച്ച തെളിവുകളുടെ പ്രസക്തിയും ശക്തിയും സമർഥിക്കാൻ കഴിയുന്നു. | | | |
| • പാഠഭാഗങ്ങളിൽ വിവരിച്ച അനുഭവങ്ങൾ സ്വന്തം അനുഭവങ്ങളുമായി താരതമ്യം ചെയ്യാൻ കഴിയുന്നു. | | | |




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# 2
# ചിറകുള്ള ചിത്രങ്ങൾ



- ആശയങ്ങളും ചിന്തകളും കൈമാറാൻ മനുഷ്യർ ഉപയോഗിച്ച ഉപാധികൾ ഏതെല്ലാം? ചിത്രങ്ങൾകൂടി പ്രയോജനപ്പെടുത്തി ചർച്ചചെയ്യുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# അരങ്ങ് ഉണരുന്നു



ഉരുളൻകല്ലുകളുടെയും ചെമ്മണ്ണിന്റെയും പാതയിലൂടെ ഞരങ്ങിക്കിതച്ചുവന്ന കാളവണ്ടി വായനശാലയും റേഷൻഷാപ്പും അനാദിക്കടയും ഹോട്ടൽ വിമലയും ക്ഷൗരക്കടയും കടന്ന് ഇടത്തോട്ടു തിരിഞ്ഞ് മൈതാനത്തിലൂടെ നീങ്ങിത്തുടങ്ങിയപ്പോൾ അങ്ങാടിയിൽ ഒട്ടൊരു ആകാംക്ഷയായി. സാധാരണനിലയ്ക്ക് കാളവണ്ടി നേരെ പോകാറാണ് പതിവ്. അതിനുള്ളിൽ ഉപ്പിൻചാക്കുകളോ അനാദിസാമാനമോ വെല്ലപ്പൊതികളോ മറ്റോ ആവും. അവ പീടികകളിലേക്കുള്ളതാണ്. നിരത്തിന് പടിഞ്ഞാറ് മൈതാനത്തിന്റെ അരികുകളിൽ പീടികകളില്ലാത്തതിനാൽ മൈതാനത്തിലൂടെ വണ്ടിത്താരയില്ല.

വണ്ടിക്കാരൻ മൈതാനത്തിന്റെ വടക്കേ അതിരിലുള്ള മാവിന്റെ തണലിലായിരുന്ന് ദായം കളിക്കുന്ന കുട്ടികളെ കൈമാടി വിളിച്ചു. വണ്ടിയിൽനിന്ന് കുറേ സാധനങ്ങൾ ഇറക്കി വയ്ക്കാനുണ്ടായിരുന്നു.

“എന്താ ഇതൊക്കെ?” ആരോ വണ്ടിക്കുള്ളിലേക്ക് നോക്കി അദ്ഭുതത്തോടെ തിരക്കി.

കുറേ ഭാണ്ഡങ്ങൾ, പെട്ടികൾ, മടക്കിവച്ച തിരശ്ശീലകൾ, ഹാർമോണിയം, തബല.

‘‘നാടകത്തിന്റെയാ. ആളുകള് പിന്നാലെ വരുന്നുണ്ട്.”

രണ്ടു നടികളുൾപ്പെടെ പന്ത്രണ്ടോളം പേരുള്ള നാടകസംഘം പിറകെ എത്തിച്ചേർന്നു. ദേശത്തിന് തനതായ ഒരു നാടകപാരമ്പര്യം അവകാശപ്പെടാനുണ്ട്. ആണ്ടുതോറും പുതിയൊരു നാടകമെങ്കിലും അരങ്ങിലെത്തും. അഭിനേതാക്കൾ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വയലുകളിൽ പണിയെടുക്കുന്നവരോ നെയ്ത്തുകാരോ വക്കീൽഗുമസ്തരോ ആധാരമെഴുത്തുകാരോ തയ്യൽക്കാരോ തപാൽശിപായിയോ ദേഹണ്ഡക്കാരോ അധ്യാപകരോ തെയ്യംകെട്ടുകാരോ ഒക്കെയാവും. അവരിൽ ചിലർ ചമയങ്ങളണിഞ്ഞ് തിരിച്ചറിയാനാകാത്ത വിധത്തിൽ സ്ത്രീകളായി മാറിയിരിക്കും.

പെട്രോമാക്സ് വെളിച്ചമാണ് അരങ്ങിൽ. വേറെ ദീപവിതാനമില്ല. കഥാപാത്രങ്ങൾ അതിവൈകാരികതയോടെ ഒരു രംഗം ആവിഷ്കരിച്ചുകൊണ്ടിരിക്കെ അണിയറപ്രവർത്തകരിലൊരാൾ അവർക്കിടയിലൂടെ നടന്നുചെന്ന് അരങ്ങിൽ തൂക്കിയിട്ട പെട്രോമാക്സ് താഴെയിറക്കി അതിൽ കാറ്റടിക്കുന്നതിൽ തരിമ്പും അസ്വാഭാവികത തോന്നിയിരുന്നില്ല കാണികൾക്ക്.

ഒരു പുണ്യപുരാണനാടകം അരങ്ങേറുകയായിരുന്നു ഒരിക്കൽ. യവനിക പൊങ്ങി. രംഗത്ത് പളപളെ മിന്നുന്ന വേഷങ്ങളിൽ ശ്രീരാമനും സീതയും ഹനുമാനും. സംഭാഷണത്തിനിടയിൽ പെട്ടെന്നാണ് ഹനുമാൻ ഓർമ്മിച്ചത്; ഗദയെടുത്തിട്ടില്ല.

ഹനുമാൻ വിഷണ്ണനായി ശ്രീരാമനോട് പറഞ്ഞു: “അയ്യോ ന്റെ മാഷേ, ഗദയെടുക്കാൻ മറന്നു.”

ശ്രീരാമനായ മാഷും സീതയായ നടനും സംഭ്രമം കൊള്ളുന്നതിനിടയിൽ ഒരു നാടൻ കർഷകനായ ഹനുമാൻ ദുരിശത്തിൽ നിഷ്ക്രമിച്ച് സ്വർണവർണമുള്ള കടലാസ് ചുറ്റിയ ഗദയുമായി തിരിച്ചെത്തി.

ഇനിയൊരു സാമൂഹികനാടകത്തിൽ ഒരു കഥാപാത്രം ചവിട്ടിവീഴ്ത്തപ്പെട്ട്, കരഞ്ഞുകൊണ്ട് നിവരുന്ന ഒരു സീനുണ്ടായിരുന്നു. കഥാപാത്രം വീണു. പിന്നെ പ്രേക്ഷകർ കാണുന്നത് അയാൾ ഇരുകൈയും പരത്തി എന്തോ ഉഴറ്റോടെ അങ്ങുമിങ്ങും പരതുന്നതാണ്. അപ്പോൾ മുൻനിരയിൽ പൂഴിയിലിരിപ്പായിരുന്ന ഒരു പ്രേക്ഷകൻ അയാളുടെ അടുത്തേക്കു ചെന്ന് ഒരു വസ്തു കൈമാറി:

“ഇതല്ലേ നോക്കുന്നത്?”

അതുതന്നെയായിരുന്നു നടൻ പരതിയത്; ഒരു ചുവന്നുള്ളി.

കരയാനായി കൈയിൽ കരുതിയതായിരുന്നു. പക്ഷേ, വീഴ്ചയ്ക്കിടയിൽ അറിയാതെ കൈവിട്ടുപോയി. കണ്ണുകൾ നിറയണമെങ്കിൽ ചുവന്നുള്ളി കൂടിയേ തീരൂ.

വില്ലന്റെ കൈയിലെ തോക്ക് ‘ഠേ, ഠേ’ എന്ന് ശബ്ദിക്കുന്നതിനുമുൻപ് വെടിയേറ്റ നോവോടെ നെഞ്ചമർത്തിപ്പിടിച്ച് പിടഞ്ഞുവീണ ഒരു കഥാപാത്രം വീണ്ടും നിവർന്ന്

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വെടിയൊച്ചകൾക്കായി കാതോർത്ത സന്ദർഭവും ഉണ്ട്. പെട്രോമാക്സ് വെളിച്ചത്തിൽ അങ്ങനെയൊക്കെ സംഭവിക്കുമ്പോൾ പ്രേക്ഷകരാരും പരിഹാസപൂർവം കൂവിവിളിച്ചിരുന്നില്ല.

അരങ്ങിലെ കഥാപാത്രങ്ങൾക്ക് സംഭാഷണം പറഞ്ഞു കൊടുക്കുന്നയാൾ വികാരാധീനനായി സ്വയം മറ്റൊരു കഥാപാത്രമായി മാറി ഗദ്ഗദംകൊണ്ട് ഒന്നും പറയാനാവാത്ത നിസ്സഹായതയിലും, സംഭാഷണം ഓർമ്മിക്കാനാവാതെ കഥാപാത്രങ്ങൾ അരങ്ങിൽ പരസ്പരം നോക്കിക്കൊണ്ട് പരുങ്ങിനിൽക്കുമ്പോഴും പ്രേക്ഷകർ ഒട്ടും പരിഭവമില്ലാതെ അടുത്ത നീക്കത്തിന് ക്ഷമാപൂർവം കാത്തിരിക്കുമായിരുന്നു. നാടകകലയെ അവർ അത്രമേൽ സ്നേഹിച്ചിരുന്നു.

ദേശക്കാർ മുഴുവനും അരങ്ങിനു മുന്നിൽ ഒത്തുകൂടും, രവിവർമ്മ കലാനിലയമോ സഞ്ജയ കലാകേന്ദ്രമോ അവതരിപ്പിക്കുന്ന ഓരോ നാടകത്തിനും. ഏതെങ്കിലും വീടുകളിൽ തളർവാതക്കാരോ മറ്റോ അവശേഷിച്ചാലായി. വീടുകൾ അടച്ചുപൂട്ടി താക്കോൽ അരയിൽ തിരുകിയായിരുന്നില്ല ആളുകൾ നാടകം കാണാൻ പോയിരുന്നത്. മുൻവാതിൽ വെറുതെ ചാരിയേക്കും, അത്രതന്നെ.

ആണ്ടിൽ ഒന്നോ രണ്ടോ നാടകം മാത്രം കളിക്കുന്ന സ്ഥലത്തേക്ക് പല നാടകങ്ങളുമായി എങ്ങുനിന്നോ ഒരുകൂട്ടർ വന്നെത്തിയപ്പോൾ ദേശത്താകെ കുശാലായി. സംഘത്തിലെ നടികളായിരുന്നു അങ്ങാടിയിലും കുളപ്പടവുകളിലും കോലായകളിലും മുഖ്യ ചർച്ചാവിഷയം. അവർ യഥാർഥ സ്ത്രീകൾ തന്നെയാണോയെന്ന സംശയമുണ്ടായി ചിലർക്കെങ്കിലും. സംശയനിവൃത്തിക്കായി അത്തരക്കാർ ഒളിഞ്ഞും പതുങ്ങിയും ശ്രമം തുടരുന്നതിനിടയിൽ സംഘത്തിന്റെ പ്രഥമനാടകം പ്രേക്ഷകർക്ക് മുന്നിലെത്തുകയായി. ദേശമെങ്ങും ചെണ്ടകൊട്ടി വിളംബരമുണ്ടായി.

യു.പി. സ്കൂളിന്റെ വടക്കേ ഹാളായിരുന്നു നാടകക്കൊട്ടക. നാലണ ടിക്കറ്റ്. നാലണയ്ക്ക് പാങ്ങില്ലാത്തതിനാൽ ഞാൻ കൊട്ടകയിലേക്ക് കയറിയത് കൊളുത്തില്ലാത്ത ഒരു ജനൽപ്പഴുതിലൂടെയാണ്. ആ ജനലിന് കൊളുത്തില്ലെന്നത് പല കുട്ടികൾക്കും വലിയ അനുഗ്രഹമായി. ഞങ്ങൾ ടിക്കറ്റെടുത്തവർക്കൊപ്പമിരുന്ന് നാടകം മുഴുവനായും കണ്ടു. അതൊരു കുറ്റാന്വേഷണ നാടകമായിരുന്നു. കൊലപാതകം നടന്ന ബംഗ്ലാവിൽ വേലക്കാരനായെത്തിയ സി.ഐ.ഡി. അവസാനരംഗം ഒടുങ്ങാറായപ്പോഴാണ് തന്റെ മുഖത്തെ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ആവരണം ചെയ്തിരുന്ന നേർത്ത പാട അടർത്തിമാറ്റിയത്. ഹാളിൽ കരഘോഷം മുഴങ്ങി.

ഒരു ചങ്ങാതിയോടൊപ്പം പിറ്റേന്നും ഞാൻ പോയി നാടകത്തിന്. പക്ഷേ, കാണാനായില്ല. നാടകസംഘത്തിൽപ്പെട്ട ആരോ ജനലിന് കൊളുത്ത് ഉറപ്പിച്ചിരുന്നു. ഞങ്ങളവിടെ ഖേദംപൂണ്ട് നിൽക്കുമ്പോൾ അകത്ത് അക്ബർ ചക്രവർത്തിയുടെ പൊട്ടിച്ചിരി.

**(പരൽമീൻ നീന്തുന്ന പാടം)** **-സി.വി. ബാലകൃഷ്ണൻ**

## വായിക്കാം കണ്ടെത്താം

- “ദേശത്തിന് തനതായ ഒരു നാടകപാരമ്പര്യം അവകാശപ്പെടാനുണ്ട്.” ഈ വാക്യത്തെ സാധൂകരിക്കുന്ന എന്തെല്ലാം വസ്തുതകൾ പാഠഭാഗത്തുനിന്ന് കണ്ടെത്താനാവും?
- “വീടുകൾ അടച്ചുപൂട്ടിയായാരുന്നില്ല ആളുകൾ നാടകം കാണാൻ പോയിരുന്നത്. മുൻവാതിൽ വെറുതെ ചാരിയേക്കും, അത്രമാത്രം.” ദേശത്തിന്റെ എന്തു സവിശേഷതയാണ് ഇതിൽ തെളിയുന്നത്?
- മുൻകാലങ്ങളിലെ ദേശക്കൂട്ടായ്മയെക്കുറിച്ചും നാടകാവതരണത്തെക്കുറിച്ചുമെല്ലാം പാഠഭാഗത്തുനിന്ന് മനസ്സിലാക്കിയല്ലോ. പുതിയകാലത്ത് ഇത്തരം കൂട്ടായ്മകൾ എത്രത്തോളമുണ്ട്? ചർച്ചചെയ്യൂ.

## ഒറ്റപ്പദമാക്കുക

- നാടകത്തിനുള്ള കൊട്ടക : നാടകക്കൊട്ടക
- വികാരത്തിന് അധീനൻ :
- കലയുടെ കേന്ദ്രം :
- ദീപങ്ങളുടെ വിതാനം :
- നാടകം എന്ന കല :

## ഊഹിക്കാം പരിശോധിക്കാം

- ചുവടെ കൊടുത്തിരിക്കുന്ന പദങ്ങളുടെ അർഥം ഊഹിച്ചു പറയാമോ? നിഘണ്ടു പരിശോധിച്ച് ഉറപ്പുവരുത്തൂ.
ആകാംക്ഷ, ദേഹണ്ഡക്കാർ, വിതാനം, അണിയറ, യവനിക, വിഷണ്ണൻ, സംഭ്രമം, ദുരിശം, നിഷ്ക്രമിക്കുക, ഗദ്ഗദം, പ്രഥമം, നിസ്സഹായത, വിളംബരം

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### അർഥവ്യത്യാസം കണ്ടെത്താം

- ദേശമെങ്ങും ചെണ്ടകൊട്ടി വിളംബരമുണ്ടായി.
- കൂട്ടുകാർ അവനെ ചെണ്ടകൊട്ടിക്കുക പതിവാണ്.

അടിവരയിട്ടിരിക്കുന്ന പദങ്ങളുടെ അർഥവ്യത്യാസം കണ്ടെത്തി എഴുതുക.

### ഏകാഭിനയം

- തോപ്പിൽ ഭാസി രചിച്ച പഴയകാല നാടകമായ 'അശ്വമേധ'ത്തിലെ പ്രശസ്തമായ ഒരു ഗാനം ചുവടെയുണ്ട്. തെരുവിലൂടെ നടന്നുപോകുന്ന ഒരു കുഷ്ഠരോഗിയുടെ പാട്ട്, വീട്ടിൽ ഒറ്റപ്പെട്ടു കഴിയുന്ന ഒരു രോഗിണി കേൾക്കുന്നതാണ് നാടകത്തിലെ സന്ദർഭം. ഇത് ഏകാഭിനയമായി അവതരിപ്പിക്കൂ.

"പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്കാകാശമുണ്ട്,
മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ലാ.......മണ്ണിലിടമില്ലാ.....
എവിടെനിന്നോ വന്നു ഞാൻ, എവിടേക്കോ പോണു ഞാൻ
വിളക്കുമരമേ, വിളക്കുമരമേ, വെളിച്ചമുണ്ടോ,
കൈയിൽ വെളിച്ചമുണ്ടോ....."

### ശേഖരിക്കാം ആലപിക്കാം

- "ചക്കരപ്പന്തലിൽ തേൻമഴ ചൊരിയും
ചക്രവർത്തി കുമാരാ....
നിൻ മനോരാജ്യത്തെ രാജകുമാരിയായ്
വന്നുനിൽക്കാനൊരു മോഹം...
ചക്കരപ്പന്തലിൽ......"

മറ്റൊരു പഴയകാല നാടകഗാനമാണിത്. രസകരങ്ങളായ നാടകഗാനങ്ങൾ ശേഖരിക്കൂ. ഉചിതമായ ആമുഖത്തോടെ അവതരിപ്പിക്കൂ.

- നാടകാവതരണവുമായി ബന്ധപ്പെട്ട രസകരമായ ചില സംഭവങ്ങൾ പാഠഭാഗത്ത് സി.വി. ബാലകൃഷ്ണൻ ഓർമ്മിക്കുന്നുണ്ടല്ലോ.
കഥകളി, തുള്ളൽ, നാടകം, സിനിമ തുടങ്ങിയ ഏതെങ്കിലും കലാരൂപത്തിന്റെ അവതരണവുമായി ബന്ധപ്പെട്ട രസകരമായ അനുഭവങ്ങളോ കഥകളോ അന്വേഷിച്ച് കണ്ടെത്തൂ. ക്ലാസിൽ അവതരിപ്പിക്കൂ.
- ഇഷ്ടപ്പെട്ട ഒരു കലാരൂപം കാണാൻ പോയ അനുഭവം നിങ്ങൾക്കുമുണ്ടാകും. ഏതായിരുന്നു അത്? ആരൊക്കെയുണ്ടായിരുന്നു കൂടെ? എങ്ങനെയുണ്ടായിരുന്നു ആ അനുഭവം? എല്ലാം ഉൾപ്പെടുത്തി ഒരു കുറിപ്പ് തയാറാക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ഒരു മനുഷ്യൻ



നിങ്ങൾക്ക് വ്യക്തമായ കാര്യപരിപാടി ഒന്നുമില്ല. ദൂരദേശങ്ങളിൽ അലയുകയാണ്. കൈയിൽ കാശില്ല; ഭാഷ അറിഞ്ഞുകൂടാ. നിങ്ങൾക്ക് ഇംഗ്ലീഷും ഹിന്ദുസ്ഥാനിയും സംസാരിക്കാൻ അറിയാം. എന്നാൽ, ഇതു രണ്ടും മനസ്സിലാക്കാൻ കഴിവുള്ളവർ അവിടെ നന്നേ കുറവാണ്. അപ്പോൾ നിങ്ങൾ പലേ അപകടത്തിലും പെടും; പലേ സാഹസപ്രവൃത്തികളും ചെയ്യും. അങ്ങനെ നിങ്ങൾ ഒരു ആപത്തിൽ അകപ്പെട്ടു. അതിൽനിന്ന്

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അപരിചിതനായ ഒരു മനുഷ്യൻ നിങ്ങളെ രക്ഷിച്ചു. കാലം വളരെ കഴിഞ്ഞുപോയെങ്കിലും ചില പ്രത്യേക സന്ദർഭങ്ങളിൽ ആ മനുഷ്യനെ നിങ്ങൾ ഓർക്കും.... അയാൾ എന്തിനങ്ങനെ ചെയ്തു?

ഈ ഓർക്കുന്ന നിങ്ങൾ ഞാനാണെന്ന് വിചാരിച്ചേക്കുക. ഞാൻ പറഞ്ഞുവരുന്നത് എന്റെ ഒരനുഭവമാണ്. ഞാനുൾപ്പെടെയുള്ള മനുഷ്യവർഗത്തെപ്പറ്റി ഏതാണ്ട് അവ്യക്തമായ ഒരറിവെനിക്കുണ്ട്. എന്റെ ചുറ്റും ഉള്ളവരിൽ നല്ലവരുണ്ട്, മഹാക്രൂരന്മാരും കള്ളന്മാരുമുണ്ട്, സാംക്രമിക രോഗമുള്ളവരുണ്ട്, ഭ്രാന്തന്മാരുണ്ട് – പൊതുവിൽ എപ്പോഴും നല്ല ജാഗ്രതയോടെ ജീവിക്കണം; തിന്മയാണ് ഈ ലോകത്തിൽ അധികവും. എന്നാൽ ഇതു നമ്മൾ മറന്നുപോകും. അപകടം പറ്റിക്കഴിയുമ്പോഴാണ് നമുക്ക് ബോധം ഉണ്ടാവുക. ഞാൻ ആ വളരെ വളരെ പഴയ, കൗതുകമുള്ള നിസ്സാര സംഭവം ഇവിടെ പറയാം:

ഇവിടെനിന്ന് ഏതാണ്ട് ഒരു ആയിരത്തഞ്ഞൂറോ രണ്ടായിരത്തഞ്ഞൂറോ മൈൽ ദൂരെ പർവതനിരകളുടെ താഴ്വരയിലുള്ള ഒരു വലിയ നഗരം. അവിടെയുള്ളവർ പണ്ടുകാലം മുതൽക്കേ ദയയ്ക്ക് അത്ര പേരുകേട്ടവരല്ല. ക്രൂരതയുള്ളവരാണ്. കൊലപാതകം, കൂട്ടക്കവർച്ച, പോക്കറ്റടി – ഇതെല്ലാം നിത്യസംഭവങ്ങളാണ്. പരമ്പരയായി അവിടെയുള്ളവർ പട്ടാളക്കാരാണ്. ബാക്കിയുള്ളവർ ദൂരെ പുറംരാജ്യങ്ങളിൽ പണം പലിശയ്ക്കു കൊടുക്കുന്നവരായും മില്ലുകൾ, വലിയ ആഫീസുകൾ, ബാങ്കുകൾ മുതലായവയുടെ ഗേറ്റ് കീപ്പർമാരായും കഴിയുന്നു. പണം അവിടെയും വലിയ കാര്യമാണ്. അതിനു വേണ്ടി എന്തും ചെയ്യും; ആരെയും കൊല്ലും!

ഞാൻ അവിടെ ഒരു വൃത്തികെട്ട തെരുവിൽ വളരെ വൃത്തികെട്ടതും വളരെ ചെറിയതുമായ ഒരു മുറിയിൽ താമസിക്കുകയാണ്. ഉദ്യോഗമുണ്ട്. രാത്രി ഒമ്പതര മണിമുതൽ പതിനൊന്നു മണിവരെ കുറേ വിദേശികളായ തൊഴിലാളികളെ ഇംഗ്ലീഷ് പഠിപ്പിക്കുക. അഡ്രസ് എഴുതാൻ മാത്രമാണ്. ഈ അഡ്രസ് എഴുതാൻ പഠിക്കലും അവിടെ ഒരു വലിയ വിദ്യാഭ്യാസമാണ്. പോസ്റ്റാഫീസുകളിൽ ഈ അഡ്രസ് എഴുത്തുകാരെ കാണാം. അവർക്ക് ഒരു അഡ്രസിന് കാൽ രൂപാ മുതൽ അര രൂപാ വരെ ഫീസാണ്. അതിൽനിന്ന് രക്ഷനേടാനും വേണ്ടിവന്നാൽ വല്ലതും ചുളുവിൽ സമ്പാദിക്കുവാനുമാണ് ഈ അഡ്രസ് വിദ്യാഭ്യാസം.

ആ കാലത്ത് ഞാൻ പകൽ നാലുമണിക്കേ ഉണരൂ. ഇതു വേറെ ചിലത് ലാഭിക്കാനാണ് – കാലത്തെ ചായ, ഉച്ചയ്ക്ക് ഊണ്. അങ്ങനെ പതിവുപോലെ ഞാൻ നാലുമണിക്ക് ഉണർന്നു. ദിനകൃത്യങ്ങളെല്ലാം ചെയ്ത് ഊണും ചായയും കഴിക്കാൻ വേണ്ടി



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഞാൻ പുറത്തേക്കിറങ്ങി. ഇറക്കം ഫുൾ സ്യൂട്ടിലാണെന്ന് വിചാരിക്കണം. എന്റെ കോട്ടുപോക്കറ്റിൽ ഒരു പേഴ്സ് ഉണ്ട്. അതിൽ പതിന്നാലു രൂപായും ഉണ്ട്. അതാണ് എന്റെ ജീവിതത്തിലെ ആകെ സ്വത്ത്.

ഞാൻ ജനക്കൂട്ടത്തിനിടയിലൂടെ തിക്കിത്തിരക്കി ഒരു ഹോട്ടലിൽ കയറി. ഊണ്, എന്നു പറഞ്ഞാൽ വയറു നിറയെ ചപ്പാത്തിയും ഇറച്ചിയും തിന്നു. ഒരു ചായയും കുടിച്ചു. ആകെ ഏതാണ്ട് മുക്കാൽ രൂപയോളമായി ബില്ല്. കാലം അതാണെന്നോർക്കണം.

ഞാൻ അത് കൊടുക്കാനായി കോട്ടുപോക്കറ്റിൽ കൈയിട്ടു. ഞാൻ ആകെ വിയർത്തു; വയറ്റിൽ ചെന്നതെല്ലാം ദഹിച്ചുപോയി. എന്താണെന്ന് വെച്ചാൽ, കോട്ടുപോക്കറ്റിൽ പേഴ്സ് ഇല്ല! ഞാൻ വിഷമത്തോടെ പറഞ്ഞു: “എന്റെ പേഴ്സ് ആരോ പോക്കറ്റടിച്ചു!”

വളരെ ബഹളമുള്ള ഹോട്ടലാണ്. ഹോട്ടൽക്കാരൻ എല്ലാവരെയും ഞെട്ടിക്കത്തക്ക സ്വരത്തിൽ ഒന്നു ചിരിച്ചു. എന്നിട്ട് എന്റെ കോട്ടിൽ, നെഞ്ചത്തായി പിടിച്ച് എന്നെയൊന്ന് കുലുക്കിയിട്ട് പറഞ്ഞു: “ഇതിവിടെ ചെലവാക്കാൻ ഉദ്ദേശിക്കല്ലേ! പണം വച്ചിട്ടു പോ... നിന്റെ കണ്ണു ഞാൻ ചൂഴ്ന്നെടുക്കും, അല്ലെങ്കിൽ!”

ഞാൻ സദസ്സിലേക്കു നോക്കി. ദയയുള്ള ഒരു മുഖവും ഞാൻ കണ്ടില്ല. വിശന്ന ചെന്നായ്ക്കളെപ്പോലുള്ള നോട്ടം! കണ്ണു ചൂഴ്ന്നെടുക്കുമെന്നു പറഞ്ഞാൽ കണ്ണു ചൂഴ്ന്നെടുക്കും! ഞാൻ പറഞ്ഞു: “എന്റെ കോട്ടിവിടെ ഇരിക്കട്ടെ; ഞാൻ പോയി പണം കൊണ്ടുവരാം.” ഹോട്ടൽക്കാരൻ വീണ്ടും ചിരിച്ചു. എന്നോട് കോട്ടൂരാൻ പറഞ്ഞു. ഞാൻ കോട്ടൂരി. ഷർട്ടും ഊരാൻ പറഞ്ഞു. ഞാൻ ഷർട്ടൂരി. ഷൂസ് രണ്ടും അഴിച്ചുവയ്ക്കാൻ പറഞ്ഞു. ഞാൻ ഷൂസ് രണ്ടും അഴിച്ചുവച്ചു. ഒടുവിൽ ട്രൗസർ അഴിക്കാൻ പറഞ്ഞു. അങ്ങനെ പരിപൂർണനഗ്നനാക്കി കണ്ണുകൾ ചൂഴ്ന്നെടുത്ത് വെളിയിൽ അയയ്ക്കാനാണ് തീരുമാനം.

ഞാൻ പറഞ്ഞു: “അടിയിലൊന്നുമില്ല.”

എല്ലാവരും ചിരിച്ചു. ഹോട്ടൽക്കാരൻ പറഞ്ഞു: “എനിക്കു സംശയമാണ്; അടിയിലെന്തെങ്കിലും കാണും!”

ഒരു അൻപതുപേർ ക്രൂരമായ ചിരിയോടെ പറഞ്ഞു: “അടിയിലെന്തെങ്കിലും കാണും.”

എന്റെ കൈകൾ അനങ്ങുന്നില്ല. ഞാൻ ഭാവനയിൽ കണ്ടു. രണ്ടു കണ്ണുമില്ലാത്ത നഗ്നനായ ഒരുവൻ ആൾബഹളത്തിനിടയിൽ തെരുവിൽ നിൽക്കുന്നു. അങ്ങനെ ജീവിതം അവസാനിക്കുകയാണ്. അവസാനിക്കട്ടെ... ഞാനീ സംഭവത്തിന്.. ഓ... പോട്ടെ! ലോകങ്ങളുടെ സ്രഷ്ടാവേ! എന്റെ ദൈവമേ....! ഒന്നും പറയാനില്ല.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



സംഭവം ശുഭം. ഓ....എല്ലാം ശുഭം.... മംഗളം!

ഞാൻ ട്രൗസറിന്റെ ബട്ടൺ ഓരോന്നായി അഴിക്കാൻ തുടങ്ങി. അപ്പോൾ ഘനത്തോടെയുള്ള ഒരു ശബ്ദം കേട്ടു:"നിൽക്കൂ, ഞാൻ പണം തരാം!"

എല്ലാവരും ആ ഭാഗത്തേക്കു നോക്കി.

ചുവന്ന തലപ്പാവും കറുത്തകോട്ടും വെള്ള കാൽശരായികളുമുള്ള ഒരു വെളുത്ത ആറടിപ്പൊക്കക്കാരൻ. കൊമ്പൻ മീശയും നീലക്കണ്ണുകളും..... ഈ നീലക്കണ്ണുകൾ അവിടെ സാധാരണമാണ്. അയാൾ മുന്നോട്ടു വന്ന് ഹോട്ടൽക്കാരനോട് ചോദിച്ചു: "എത്രയുണ്ടെന്നാ പറയുന്നത്?"

"മുക്കാൽ രൂപയോളം!"

അതയാൾ കൊടുത്തു. എന്നിട്ട് എന്നോടു പറഞ്ഞു: "എല്ലാം ധരിക്കൂ."

ഞാൻ ധരിച്ചു.

"വരൂ"

അയാൾ എന്നെ വിളിച്ചു. ഞാൻ കൂടെപ്പോയി. എന്റെ നന്ദി അറിയിക്കാൻ വാക്കുകളുണ്ടോ? ഞാൻ പറഞ്ഞു: "അങ്ങ് ചെയ്തത് വലിയൊരു കാര്യമാണ്. ഇത്ര ഒരു നല്ല മനുഷ്യനെ ഞാൻ കണ്ടിട്ടില്ല!"

അയാൾ ചിരിച്ചു. "പേരെന്താ?" അയാൾ ചോദിച്ചു. ഞാൻ പേര്, നാട് ഇതൊക്കെ പറഞ്ഞു. ഞാൻ ആ മനുഷ്യന്റെ പേര് ചോദിച്ചു. അദ്ദേഹം പറഞ്ഞു: "എനിക്കു പേരില്ല."

ഞാൻ പറഞ്ഞു: "എങ്കിൽ... ദയവ് എന്നായിരിക്കും പേര്."

അയാൾ ചിരിച്ചില്ല. ഞങ്ങൾ അങ്ങനെ നടന്നു. നടന്നു നടന്ന് വിജനമായ ഒരു പാലത്തിൽ ചെന്നുചേർന്നു. അയാൾ ചുറ്റിലും നോക്കി. മറ്റാരും അടുത്തൊന്നുമില്ല. അയാൾ പറഞ്ഞു: "നോക്ക്, തിരിഞ്ഞു നോക്കാതെ പോകണം. എന്നെ ആരെങ്കിലും കണ്ടോ എന്നു ചോദിച്ചാൽ കണ്ടില്ലെന്നുതന്നെ പറയണം!"

എനിക്ക് കാര്യം മനസ്സിലായി. അയാൾ രണ്ടുമൂന്നു പോക്കറ്റുകളിൽനിന്ന് അഞ്ചു പേഴ്സുകളെടുത്തു! അഞ്ച്....! കൂട്ടത്തിൽ എന്റേതും.

"ഇതിൽ ഏതാണ് നിങ്ങളുടേത്?"

എന്റേത് ഞാൻ തൊട്ടു കാണിച്ചു.

"തുറന്നു നോക്കൂ."

ഞാൻ തുറന്നു നോക്കി. പണം എല്ലാം ഭദ്രമായി അതിലുണ്ട്. ഞാൻ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അത് എന്റെ പോക്കറ്റിലിട്ടു. അയാൾ എന്നോടു പറഞ്ഞു:

“പോ, ദൈവം നിങ്ങളെ രക്ഷിക്കട്ടെ!”

ഞാനും പറഞ്ഞു:“ദൈവം... നിങ്ങളെയും .... എന്നെയും... എല്ലാവരെയും രക്ഷിക്കട്ടെ!”

മംഗളം.

**– വൈക്കം മുഹമ്മദ് ബഷീർ**

### വായിക്കാം കണ്ടെത്താം

- എപ്പോഴും നല്ല ജാഗ്രതയോടെ ജീവിക്കണം എന്ന് കഥാനായകൻ പറയുന്നത് എന്തുകൊണ്ട്?
- കഥാനായകൻ ചെന്നെത്തിയ സ്ഥലത്തിന്റെ പ്രത്യേകതകൾ കണ്ടെത്തുക.
- നഗരത്തിൽ ഉപജീവനത്തിനുള്ള വഴി കഥാപാത്രം കണ്ടെത്തിയത് എങ്ങനെയാണ്?
- കഥാനായകന് തന്റെ ജീവിതം അവസാനിച്ചു എന്നു തോന്നിയത് എപ്പോൾ?

### ഔചിത്യം ചർച്ചചെയ്യൂ

‘ഒരു മനുഷ്യൻ’ എന്ന കഥാശീർഷകം ശ്രദ്ധിച്ചല്ലോ. ഈ കഥയ്ക്ക് അത് എത്രമാത്രം ഉചിതമാണ്? ചർച്ചചെയ്യൂ.

### സവിശേഷത കണ്ടെത്താം

- കാലം വളരെ കഴിഞ്ഞുപോയെങ്കിലും ചില പ്രത്യേക സന്ദർഭങ്ങളിൽ ആ മനുഷ്യനെ നിങ്ങളോർക്കും.

  ഈ വാക്യത്തിൽനിന്ന് താഴെ കൊടുത്ത രണ്ടു വാക്യങ്ങൾ ഉണ്ടാക്കാം.

  - കാലം വളരെ കഴിഞ്ഞുപോയി.
  - ആ മനുഷ്യനെ നിങ്ങളോർക്കും.

  ഇങ്ങനെ ചേർത്തെഴുതുന്നതുകൊണ്ട് എന്തെല്ലാം മെച്ചങ്ങൾ കൈവരുന്നുണ്ട്? ഇത്തരത്തിൽ താഴെക്കൊടുത്തിരിക്കുന്ന വാക്യങ്ങൾ വേർതിരിച്ചെഴുതാം.

- ഞാൻ അവിടെ ഒരു വൃത്തികെട്ട തെരുവിൽ വളരെ വൃത്തികെട്ടതും വളരെ ചെറിയതുമായ ഒരു മുറിയിൽ താമസിക്കുകയാണ്.
- അമ്മ താരാട്ട് പാടിയപ്പോൾ കുഞ്ഞ് ഉറങ്ങി.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പദപരിചയം

- താഴെ കൊടുത്തിരിക്കുന്ന പദങ്ങളുടെ അർഥം സന്ദർഭങ്ങളിൽനിന്ന് ഊഹിക്കുക. നിഘണ്ടു നോക്കി ഉറപ്പുവരുത്തുക.

  സാഹസം, ജാഗ്രത, ഭദ്രം, സ്രഷ്ടാവ്, സാംക്രമികം

- മനുഷ്യവർഗം എന്നാൽ മനുഷ്യരുടെ വർഗം എന്ന് അർഥം കിട്ടുന്നു. ചുവടെ കൊടുത്തിരിക്കുന്ന പദങ്ങൾ അർഥവ്യക്തതയോടെ മാറ്റിയെഴുതുക.

  സാംക്രമികരോഗം : ......................................

  സാഹസപ്രവൃത്തി : ......................................

  ദിനകൃത്യങ്ങൾ : ......................................

  വഴിയോരക്കാഴ്ചകൾ : ......................................

## ടെലിഫിലിം കാണാം വിലയിരുത്താം

- 'ഒരു മനുഷ്യൻ' എന്ന ചെറുകഥയെ ആസ്പദമാക്കിയുള്ള ടെലിഫിലിം കാണുക. ചെറുകഥ സിനിമയായപ്പോൾ ഉണ്ടായ മാറ്റങ്ങൾ ചർച്ചചെയ്യൂ.
  - ചെറുകഥയിലെയും സിനിമയിലെയും കഥാപാത്രങ്ങൾ
  - സംഭാഷണങ്ങൾ
  - കഥയിൽനിന്നു വ്യത്യസ്തമായി സിനിമയിൽ കൂട്ടിച്ചേർത്ത ഉപകഥകൾ, കഥാപാത്രങ്ങൾ എന്നിവയുടെ ഔചിത്യം

  മുതലായവ പരിഗണിക്കുമല്ലോ. കഥയുടെ വായനാനുഭവം, ദൃശ്യാനുഭവം എന്നിവയിൽ നിങ്ങൾക്ക് കൂടുതൽ ഹൃദ്യമായി തോന്നിയത് ഏതാണ്? എന്തുകൊണ്ട്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഞാൻ എന്നെക്കുറിച്ച്

താഴെക്കൊടുത്തവയിൽ നിങ്ങളുടെ മികവുകൾ '✓'എന്നും കൂടുതൽ മെച്ചപ്പെടാനുള്ളത് '+'എന്നും രേഖപ്പെടുത്തുക.

- കഥയിലെ വിവിധ സന്ദർഭങ്ങൾക്കും കഥാപാത്രങ്ങൾക്കും യോജിച്ച ഭാവം, വികാരം, ഒഴുക്ക്, ശബ്ദം, വേഗം, ഊന്നലുകൾ, നിർത്തലുകൾ എന്നിവ പാലിച്ച് വായിക്കാൻ കഴിയുന്നു. ☐
- കഥയിലെ പ്രധാന ആശയം, സന്ദർഭങ്ങൾ എന്നിവയ്ക്ക് കഥയുടെ വിഷയവുമായുള്ള ബന്ധം കണ്ടെത്താൻ കഴിയുന്നു. ☐
- പരിചിതമല്ലാത്ത പദങ്ങളുടെ അർഥം സന്ദർഭത്തിലെ സൂചനകളിൽനിന്ന് ഊഹിച്ചെടുക്കാൻ കഴിയുന്നു. ☐
- കഥാകൃത്തിന്റെ തനതായ വാക്യമാതൃകകൾ കണ്ടെത്താനും അത് കഥയെ ആകർഷകമാക്കുന്നത് വിശദീകരിക്കാനും സമർഥിക്കാനും സാധിക്കുന്നു. ☐
- കഥയിൽ പ്രധാനപ്പെട്ടത് എന്ന് എനിക്കു തോന്നിയ സന്ദർഭങ്ങൾ വരയ്ക്കാനും സംഘം ചേർന്ന് നിശ്ചലദൃശ്യമായി അവതരിപ്പിക്കാനും കഴിയുന്നു. ☐
- ചെറുകഥയും അതിന്റെ ദൃശ്യാവിഷ്കാരവും തമ്മിൽ താരതമ്യം ചെയ്യാനും സാമ്യവ്യത്യാസങ്ങൾ കണ്ടെത്താനും കഴിയുന്നു. ☐

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# പീച്ച് പൂന്തോട്ടം

**സീൻ 1**

വീടിന്റെ അകം

പകൽ

ഒരു ആൺകുട്ടി ട്രേയിൽ ചായയുമായി വരുന്നു. അവൻ അകത്തേക്കുള്ള വാതിൽ തള്ളിമാറ്റി ഒരു മുറിയിൽ പ്രവേശിക്കുന്നു. കറുത്ത പുള്ളിയുള്ള ഒരു കിമോണയാണ് അവൻ ധരിച്ചിരിക്കുന്നത്. ആ മുറിയിൽ അഞ്ചു പെൺകുട്ടികൾ എന്തോ ജോലിയിൽ മുഴുകിയിരിക്കുകയാണ്.

കുട്ടി: ഇതെടുത്തോളൂ സഹോദരീ.

അവൻ ട്രേ ഒരു പെൺകുട്ടിയുടെ കൈയിൽ കൊടുക്കുന്നു.

പെൺകുട്ടി: നന്ദി!

അവൾ ചായ കൂട്ടുകാരികൾക്ക് എടുത്തു കൊടുക്കുന്നു.

കുട്ടി ആ മുറിയിലെ ചുവപ്പുപരവതാനി വിരിച്ച ഗോവണി ശ്രദ്ധിക്കുന്നു. അവ നിറയെ വിവിധ തരത്തിലുള്ള പാവകളെക്കൊണ്ട് അലങ്കരിച്ചിരിക്കുന്നു. അവയിൽ രാജാവും



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



രാജ്ഞിയും പരിവാരങ്ങളുമൊക്കെയുണ്ട്. അവൻ ഓരോ പാവയെയും സൂക്ഷിച്ചു വീക്ഷിക്കുന്നു.

അവൻ പെൺകുട്ടിയുടെ നേരെ തിരിഞ്ഞ് ചോദിക്കുന്നു: നിങ്ങൾ ആറുപേർ ഉണ്ടായിരുന്നില്ലേ? ആറുപേർ ഉണ്ടായിരുന്നതുകൊണ്ടാണ് ഞാൻ ആറെണ്ണം കൊണ്ടുവന്നത്.

ഒരു പെൺകുട്ടി: അല്ല, നിനക്ക് തെറ്റിയതാണ്. ബാക്കി വന്ന കപ്പ് നീ കഴിച്ചോ.

അവൾ ബാക്കി വന്ന കപ്പ് അവന് കൊടുക്കുന്നു.

കുട്ടി: ഞാൻ നേരത്തേ കഴിച്ചു (അവൻ അവരുടെ സമീപം ഇരിക്കുന്നു). ഇത് വിചിത്രമായി തോന്നുന്നു. നിങ്ങൾ ആറു പേർ ഉണ്ടായിരുന്നില്ലേ? ആരെങ്കിലും പുറത്തു പോയോ?

പെൺകുട്ടി: ഇല്ല.

അവൻ എഴുന്നേറ്റ് കതകിന്റെ അടുത്തേക്കു പോകുന്നു. പുറത്തേക്കു നോക്കി തിരിച്ചു വരുന്നു.

കുട്ടി: നിങ്ങളിൽ ഒരാളുംകൂടി ഉണ്ടായിരുന്നുവെന്ന് എനിക്ക് ഉറപ്പുണ്ട്.

പെൺകുട്ടി: മണ്ടത്തരം പറയാതെ, ഇപ്പോൾ ഞങ്ങളെ വെറുതെ വിടൂ.

കുട്ടി വീണ്ടും വാതിലിന്റെ അടുത്തു പോയി പുറത്തേക്കു നോക്കുന്നു. പുറത്ത് വെള്ള ഉടുപ്പു ധരിച്ച ഒരു പെൺകുട്ടിയെ അവൻ കാണുന്നു. അവൻ ഓടി ആദ്യം സംസാരിച്ച പെൺകുട്ടിയുടെ അടുത്തേക്കു വരുന്നു.

കുട്ടി: അവൾ അവിടെയുണ്ട്.

പെൺകുട്ടി: ആര്?

കുട്ടി: ആ പെൺകുട്ടി.

അവൻ വാതിൽ മുഴുവനായി തുറന്നു കാണിക്കുന്നു. എല്ലാവരും പുറത്തേക്കു നോക്കുന്നു. അവിടെ ആരെയും കാണുന്നില്ല.

പെൺകുട്ടി: അവിടെ ആരുമില്ല.

കുട്ടി: അവൾ അവിടെ ഉണ്ടായിരുന്നു.

മറ്റൊരു പെൺകുട്ടി എഴുന്നേറ്റു വരുന്നു.

അവൾ: നിനക്ക് വീണ്ടും അസുഖം തുടങ്ങി. പറയൂ, ആരാണവൾ? നിനക്ക് നല്ല സുഖമില്ലേ?

അവൾ അവന്റെ തല തൊട്ടു നോക്കുന്നു.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കുട്ടി അകത്തുനിന്ന് വീണ്ടും പുറത്തേക്കു നോക്കുന്നു. (പശ്ചാത്തലത്തിലെ ഒരു ഫ്ളവർ ബേസിനിൽ പീച്ച് മരത്തിന്റെ ഒരു ശിഖരം മാത്രം). നേരത്തേ കണ്ട പെൺകുട്ടി മുറ്റത്തു നിൽക്കുന്നത് കുട്ടി കാണുന്നു. അവനെ കണ്ടപ്പോൾ അവൾ ഓടാൻ ശ്രമിക്കുന്നു. അവൻ ഉടനെ ചെരുപ്പു ധരിച്ച് അവളുടെ പിന്നാലെ ഓടുന്നു.

കുട്ടി: നിൽക്കൂ...

കുട്ടിയുടെ സഹോദരി: (അകത്തുനിന്നു വിളിച്ചു പറയുന്നു) നീ എങ്ങോട്ടാണു പോകുന്നത് ? പുറത്തു പോകാൻ പാടില്ല.

അവൾ മുറിയിൽനിന്ന് പുറത്തേക്കു വരുന്നു. കുട്ടി മുറ്റത്തേക്ക് ഓടിപ്പോകുന്നു.

**സീൻ 2**

കാട്

പകൽ


നിഴൽ വീണ വഴികൾ. കുട്ടി ഇടവഴിയിലൂടെ ഓടിവരുന്നു. ഇടവിട്ടു വളർന്ന മരങ്ങൾക്കിടയിൽ പ്രകാശവും നിഴലും ചേർന്നിരിക്കുന്നു. ഇടവഴിയിൽനിന്ന് കുറച്ചുയർന്ന് ഒരു ചെറിയ കുന്നുപോലെ തോന്നിക്കുന്ന ഭാഗത്തേക്കു കുട്ടി ഓടുന്നു. അവിടെ അവന്റെ കാഴ്ച അവസാനിക്കുന്ന ഇടം വരെ മഞ്ഞ് മൂടിയിരിക്കുന്നു. വെളിച്ചവും നിഴലും ഇടകലർന്ന് നേർത്ത മഞ്ഞിൻപുകയിലൂടെ സഞ്ചരിക്കുന്ന കാഴ്ച ആ കാടിനെ മനോഹരമാക്കുന്നു. ഇപ്പോൾ അവൻ ആ പെൺകുട്ടിയെ കുറച്ച് അകലെയായി കാണുന്നു. അവൻ അവളെ പിന്തുടർന്ന് ഓടുന്നു.

**സീൻ 3**

കുന്ന്

പകൽ

അവൻ അവളെ പിന്തുടർന്ന് എത്തിയത് പച്ചവിരിച്ച ഒരു കുന്നിന്റെ താഴ്വാരത്തിൽ. അവൾ കുന്നിൻമുകളിലേക്ക് കയറിപ്പോകുന്നു.



KT 19-3/Malayalam-7(BT) (Vol-I)

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അവളെ പിന്തുടർന്ന് അവനും കയറാൻ ശ്രമിക്കുമ്പോൾ പെട്ടെന്ന് വെള്ളവസ്ത്രവും വെള്ള മുഖംമൂടിയും ധരിച്ച കുറച്ചുപേർ പ്രത്യക്ഷപ്പെടുന്നു. അവർ അവന്റെ വഴി മുടക്കുന്നു. അവരുടെ കൈയിൽ വലിയ ദണ്ഡുകളുണ്ട്. അവരെ കണ്ട് കുട്ടി അമ്പരക്കുന്നു. അവർ കുട്ടിയെ സൂക്ഷിച്ചുനോക്കുന്നു. അവരുടെ പിന്നിൽ ഇളംവയലറ്റ് ഉടുപ്പും വെള്ള മുഖംമൂടിയും ധരിച്ചവരെ അവന് കാണാം.

ഒരാൾ: ഓ ഇതൊരു കൊച്ചുകുട്ടിയാണല്ലോ!

കുട്ടി നേരത്തേ വീട്ടിൽ കണ്ട പാവകൾ ജീവൻ വച്ച് കുന്നിന്റെ മുകളിൽ പ്രത്യക്ഷപ്പെടുന്നു. അവരിൽ രാജാവ്, രാജ്ഞി, പരിവാരങ്ങൾ എന്നിവർ ഉണ്ട്. അവരുടെ തൊട്ടുതാഴെയുള്ള കുന്നിന്റെ ഭാഗത്ത് വെള്ളയും ഓറഞ്ചും നിറങ്ങളിലുള്ള വസ്ത്രം ധരിച്ച പരിചാരികമാർ. അവർക്ക് താഴെ സംഗീതജ്ഞർ. അതിനും താഴെ നേരത്തേ കണ്ട വെള്ള മുഖംമൂടി ധരിച്ചവർ.

പാവരാജാവിന്റെ കൂട്ടത്തിലെ ഒരാൾ പറയുന്നു:

ഞങ്ങൾക്ക് നിന്നോട് ഒരു കാര്യം പറയാനുണ്ട്. ശ്രദ്ധിച്ച് കേൾക്കണം. ഞങ്ങൾ ഇനി ഒരിക്കലും നിന്റെ വീട്ടിലേക്ക് വരില്ല.

കുട്ടി: എന്തുകൊണ്ട്?

നിന്റെ കുടുംബം ഈ തോട്ടത്തിലെ പീച്ച് മരങ്ങളെല്ലാം മുറിച്ചു കളഞ്ഞു.

(കുട്ടി കുറ്റബോധത്താൽ തലകുനിച്ചു നിൽക്കുന്നു.)

മറ്റൊരാൾ: പാവയുത്സവം ആഘോഷിക്കുന്നത് പീച്ച് പുഷ്പങ്ങളെ വരവേൽക്കാനാണ്.

വേറൊരാൾ: ഞങ്ങൾ മരത്തിന്റെ ആത്മാവാണ്; പൂക്കളുടെ ജീവനാണ്.

മറ്റൊരാൾ: ഈ മരങ്ങൾ വെട്ടിക്കളഞ്ഞ് നിങ്ങൾക്കെങ്ങനെ പാവയുത്സവം ആഘോഷിക്കാൻ പറ്റും?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വേറൊരാൾ: ഞങ്ങൾ പാവകൾ പീച്ച് മരങ്ങളെ പ്രതിനിധീകരിക്കുന്നു. അപ്രത്യക്ഷരായ മരങ്ങൾ ദുഃഖംകൊണ്ട് കണ്ണീർ വാർക്കുന്നു (കുട്ടി കരയുന്നു). കരയണ്ട, കണ്ണീരുകൊണ്ട് കാര്യമില്ല.

രാജ്ഞി: അവനെ കുറ്റപ്പെടുത്തുന്നത് നിർത്തൂ. പീച്ച്മരങ്ങൾ മുറിച്ചപ്പോൾ അവൻ കരഞ്ഞിരുന്നു; തടയാൻപോലും ശ്രമിച്ചിരുന്നു. കാരണം അവന് പീച്ച് പുഷ്പങ്ങൾ ഇഷ്ടമായിരുന്നു.

(അതുകേട്ട് എല്ലാവരും ചിരിക്കുന്നു. അവന്റെ മുന്നിൽ നിൽക്കുന്ന വെള്ളവസ്ത്രവും വെള്ളമുഖംമൂടിയും ധരിച്ചവർ ആർത്തുചിരിക്കുന്നു.)

കുട്ടി: ഇല്ല! പീച്ച് പുഷ്പങ്ങൾ വാങ്ങാം. പക്ഷേ, നിറയെ പുഷ്പിച്ചു നിൽക്കുന്ന ഈ പൂന്തോട്ടത്തെ എവിടെനിന്ന് വാങ്ങാനാവും? ഞാൻ ഈ പൂന്തോട്ടത്തെ സ്നേഹിക്കുന്നു. അതുകൊണ്ടാണ് ഞാൻ കരഞ്ഞത്. (കുട്ടി വീണ്ടും കരയുന്നു)

പാവരാജാവ്: അവൻ നല്ല കുട്ടിയാണ്. പുഷ്പിച്ചു നിൽക്കുന്ന ഈ പൂന്തോട്ടത്തെ ഒരിക്കൽക്കൂടി കാണാൻ അവനെ അനുവദിക്കുകയല്ലേ?

പരിവാരങ്ങളെല്ലാം പിന്തിരിഞ്ഞ് പാവരാജാവിനെ വണങ്ങുന്നു. വാദ്യക്കാർ ഇരിക്കുന്നു. കുട്ടി കൈകൊണ്ട് കണ്ണുനീർ തുടയ്ക്കുന്നു. അവന് ഇപ്പോൾ കുറച്ച് ആത്മവിശ്വാസം തോന്നുന്നുണ്ട്. കുപ്പായക്കൈകൊണ്ട് അവൻ വീണ്ടും മുഖം തുടയ്ക്കുന്നു. സംഗീതജ്ഞർ ഉപകരണം വായിക്കുന്നു. എല്ലാ പാവകളും അതിനൊത്ത് ചുവടുവയ്ക്കുന്നു. അന്തരീക്ഷത്തിൽനിന്ന് കടലാസ് കഷണങ്ങൾ അവർക്കുമേൽ വർഷിക്കുന്നു.

**സീൻ 4**

കുന്നിന്റെ താഴ്വാരം

പകൽ

ഇപ്പോൾ കുന്നിന്റെ താഴ്വരയിൽനിന്ന് മുകളിൽ പൂത്തുനിൽക്കുന്ന തോട്ടത്തെ അവൻ കാണുന്നു. അവന്റെ കണ്ണുകളിൽ വിസ്മയം. പീച്ച്



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ചെടികളുടെ ഇടയിലൂടെ നേരത്തേ കണ്ട പെൺകുട്ടി ഓടുന്നു.

അവൻ അവളെ പിന്തുടർന്ന് കുന്നിൻപുറത്തെ പീച്ച് തോട്ടത്തിലേക്കു കയറുന്നു.

**സീൻ 5**

കുന്നിൻപുറം

അവൻ തിരിഞ്ഞു നോക്കുമ്പോൾ ആരെയും കാണുന്നില്ല. മരങ്ങൾ വെട്ടി ശൂന്യമാക്കപ്പെട്ട പീച്ചുതോട്ടം മാത്രം അവന്റെ മുന്നിൽ. അവനു വല്ലാത്ത നിരാശ തോന്നുന്നു. എങ്കിലും പ്രതീക്ഷ കൈവിടാതെ അവൻ ശൂന്യമായ തോട്ടത്തെ ശ്രദ്ധാപൂർവം വീക്ഷിക്കുന്നു. പുഷ്പിച്ചു നിൽക്കുന്ന ഒറ്റച്ചെടി അവൻ കാണുന്നു. അതിന്റെ സമീപത്തേക്കു നടക്കുന്നു. കാറ്റിൽ ചലിക്കുന്ന ആ ചെടിയെ ശ്രദ്ധാപൂർവം വീക്ഷിക്കുന്നു. അവന്റെ കണ്ണിൽ ദുഃഖം തളംകെട്ടി നിൽക്കുന്നു. കണ്ണുകൾ നനയുന്നു.

(ഫെയ്ഡ് ഔട്ട്)

രചനയും സംവിധാനവും: **അകിര കുറോസോവ**

പരിഭാഷ: നദീം നൗഷാദ് )

### വായിക്കാം കണ്ടെത്താം

- പീച്ച് പൂന്തോട്ടം എന്ന തിരക്കഥ വായിച്ചല്ലോ. എന്താണിതിലെ പ്രധാന ആശയം?
- “പീച്ച് പുഷ്പങ്ങൾ വാങ്ങാം. പക്ഷേ, നിറയെ പുഷ്പിച്ചു നിൽക്കുന്ന പൂന്തോട്ടത്തെ എവിടെനിന്ന് വാങ്ങാനാവും?” എന്തുകൊണ്ടായിരിക്കാം കുട്ടി ഇങ്ങനെ പറയുന്നത്?

### ഊഹിക്കാം പറയാം

- തിരക്കഥയിൽ ആറാമത്തെ പെൺകുട്ടിയെക്കുറിച്ചുള്ള പരാമർശം ഇടയ്ക്കിടെ വരുന്നുണ്ടല്ലോ. ആരാവാം ആ പെൺകുട്ടി?

### പോസ്റ്റർ തയാറാക്കാം

- ഈ സിനിമ നിങ്ങളുടെ സ്കൂളിൽ പ്രദർശിപ്പിക്കുന്നു. ഇതിനായി ഒരു പോസ്റ്റർ തയാറാക്കൂ. എന്തെല്ലാം ഉൾപ്പെടുത്താം?
    - സിനിമയെക്കുറിച്ചുള്ള പ്രധാന വിവരങ്ങൾ
    - പിന്നിൽ പ്രവർത്തിച്ചവർ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## സിനിമ കാണാം, കണ്ടെത്താം

- കുറോസോവയുടെ 'ഡ്രീംസ്' എന്ന സിനിമയിലെ പീച്ച് പൂന്തോട്ടം (Peach Orchard) കണ്ടല്ലോ. വായിച്ച തിരക്കഥയും അതിന്റെ ദൃശ്യാവിഷ്കാരവും താരതമ്യം ചെയ്യൂ.
- പീച്ച് പൂന്തോട്ടം എന്ന ഹ്രസ്വചിത്രത്തെ ആസ്പദമാക്കി ക്ലാസിൽ ചർച്ച സംഘടിപ്പിക്കൂ.

## ഞാൻ എന്നെക്കുറിച്ച്

- താഴെ കൊടുത്തവയിൽ നിങ്ങളുടെ മികവുകൾ എന്തൊക്കെയെന്ന് സ്വയം വിലയിരുത്തി കുറിപ്പെഴുതുക.
    - കഥയും സിനിമയും തമ്മിലുള്ള സാമ്യവും വ്യത്യാസവും കണ്ടെത്തി അവതരിപ്പിക്കുന്നതിൽ.
    - തിരക്കഥ വായിച്ചപ്പോൾ മനസ്സിൽ രൂപപ്പെട്ട ദൃശ്യവും സിനിമയിൽ കണ്ട ദൃശ്യവും താരതമ്യപ്പെടുത്തി വ്യാഖ്യാനിക്കുന്നതിൽ.
    - സന്ദർഭത്തിന് ഇണങ്ങും വിധമുള്ള സംഭാഷണത്തിന്റെ അവതരണം, കഥാപാത്രങ്ങളുടെ ചലനം, അഭിനയം, രംഗക്രമീകരണം എന്നിവ വിലയിരുത്തുന്നതിൽ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



3

# അറിവായ് നിറവായ്



"ലോകം എന്നെപ്പറ്റി എന്തു കരുതുന്നു എന്നെനിക്കറിയില്ല. പക്ഷേ, എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഒരു കൊച്ചു കുട്ടിയാണ്; അനന്തവിസ്തൃതമായ പ്രപഞ്ചമണൽപ്പുറത്ത് മണലു വാരിക്കളിക്കുന്ന ഒരു കൊച്ചു കുട്ടി. അൽപ്പം വെളുത്ത ഒരു വെള്ളാരങ്കല്ലോ ഭംഗിയാർന്ന ഒരു കക്കത്തോടോ കാണുമ്പോൾ എന്റെ ശ്രദ്ധ അങ്ങോട്ട് തിരിയും. പക്ഷേ, സത്യത്തിന്റെ മഹാസാഗരം എന്റെ കൈപ്പിടിയിലൊതുങ്ങാതെ അജയ്യമായിത്തന്നെ നിലകൊള്ളുകയാണ്."

**- സർ ഐസക് ന്യൂട്ടൺ**


- പ്രപഞ്ചത്തെക്കുറിച്ചുള്ള ഐസക് ന്യൂട്ടൺ എന്ന മഹാപ്രതിഭയുടെ കാഴ്ചപ്പാടാണ് ഇവിടെ പ്രതിഫലിക്കുന്നത്. ചർച്ചചെയ്യൂ.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# വെള്ളപ്പൊക്കം



ജലമേന്തിയോടിക്കിതച്ച മേഘം
മലയിൽത്തടഞ്ഞു കമിഴ്ന്നു വീണൂ
കൊടുമുടിക്കടിയിലേക്കുരുളും കുടത്തിന്റെ
ചടപട ശബ്ദങ്ങൾ കേൾപ്പതില്ലേ?തണ്ണീർ
ചിതറിത്തെറിപ്പതു കാണ്മതില്ലേ
പുഴയിൽ മലവെള്ളം പൊങ്ങിവന്നൂ;
കരകൾ കവിഞ്ഞൂ; വയൽ നിറഞ്ഞൂ
പടിയോളം വന്നെത്തീ, തൊടിയിലും ചെന്നെത്തീ;
ഞൊടിയിലീ മുറ്റത്തുമോടിയെത്തും, വെള്ള-
മൊടുവിലിറയത്തുമേറിമെത്തും!

ചെറുവഞ്ചി വേഗമിറക്കി വയ്ക്കൂ;
കുറിയ നയമ്പും തിരഞ്ഞെടുക്കൂ,
തൊടിയീന്നു വയലിലും, വയലീന്നു പുഴയിലും
പുഴയീന്നു കടലിലും പോയ്വരേണം; കയ്യും
തുഴയുമായൊന്നു പൊരുതിടേണം!
കുതിരപോൽ വാശിത്തിമിർപ്പിനോടെ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കുതികൊള്ളുമോടി വയലിലൂടെ
കരിനിറവളനീരിലണിയംകൊണ്ടുഴുതു വൻ-
കുമിള വെൺവിത്ത് വിതച്ചിടും ഞാൻ ; തിര-
ക്കളകൾ നൈമ്പാൽ കൊത്തി നീക്കിടും ഞാൻ

വയലും പുഴയും കടന്നു പോകാം;
കടലിൽക്കടലിൽ പകർന്നു പോകാം;
പഴയകാലത്തു കൊളംബസ്സുപോയപോൽ
പുതിയലോകങ്ങൾ തിരഞ്ഞുപോകാം; നമ്മൾ
പുതുവാനവട്ടങ്ങൾ* തേടിപ്പോകാം

ഉലകിൻ പുലരിയിലീടിക്കൂടി
ഉരുകാത്തവെൺകുളിർ മഞ്ഞുമൂടി
ധ്രുവദീപ്തി തുള്ളിക്കളിക്കുന്നതായൊരു
നവലോകമേറെ വടക്കുണ്ടത്രേ; മിന്നും
ധ്രുവനതിൻ നേരെ മുകളിലത്രേ

അകളങ്ക'രെസ്കിമോ'പിള്ളർ ചെമ്മേ
അവിടെ പ്രതീക്ഷിച്ചിരിപ്പൂ നമ്മെ
അതിദൂരമാമേതോ ജന്മത്തിൽ, ക്കളികളി-
ലവരുറ്റ കൂട്ടുകാരായിരുന്നൂ; തമ്മിൽ
അകലെയായിട്ടെത്ര നാൾ കഴിഞ്ഞൂ!

അറുപതു നാഴിക നിന്നു പെയ്യും
നറുനിലാവത്തു നാം നൃത്തം ചെയ്യും
ഉരുളറ്റ നായ്വണ്ടിയേറി നീൾക്കുന്തമാർ-
ന്നുരുകാത്ത മഞ്ഞിൽപ്പുതഞ്ഞുറങ്ങും വെള്ള-
ക്കരടിവേട്ടയ്ക്കു മുതിർന്നിറങ്ങും

തിരകളുറഞ്ഞതിൻ കീഴിൽ മേവും
നരയണി'സ്സീൽ'മീൻ തിരഞ്ഞുപോകും;
കരളിലെച്ചോര തൻകുഞ്ഞിനെയൂട്ടുന്ന
പരമാർഥി'പെൻഗ്വി'നെപ്പാർത്തു തങ്ങും; മഞ്ഞു-
തറയിൽ മാന്തോലു പുതച്ചുറങ്ങും.

---

* ചക്രവാളങ്ങൾ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഉടനെയെൻ വഞ്ചിയിറക്കി വയ്ക്കൂ,
ഞൊടിയിൽ തുഴയുമെടുത്തു നൽകൂ
ധൃതിയിൽ പുറപ്പെട്ടു പോകായ്കിൽ മലവെള്ള-
മതിനുടെ പാട്ടിനു പോകുമല്ലോ;യാത്ര-
യതിനോടു കൂടിക്കഴിയുമല്ലോ.

**-എൻ. വി. കൃഷ്ണവാര്യർ**

### വായിക്കാം കണ്ടെത്താം

- കവിതയിൽ മഴയുടെ വരവ് അനുഭവപ്പെടുന്നതെങ്ങനെയാണ്?
- തോണിയാത്ര കൊളംബസ്സിന്റെ യാത്ര പോലെയായിരിക്കുമെന്ന് കവി കരുതുന്നതെന്തുകൊണ്ടാവാം?
- തോണിയാത്രയ്ക്കിടയിൽ കവി കാണുന്ന കാഴ്ചകളിലെ എന്തൊക്കെ കൗതുകങ്ങളാണ് നിങ്ങളെ ആകർഷിച്ചത്? അഭിപ്രായങ്ങൾ പങ്കുവയ്ക്കുക.

### പ്രയോഗഭംഗി കണ്ടെത്താം

- പീലിയിലെ കണ്ണ് എന്നതിനെ 'പീലിക്കണ്ണ്' എന്നു ചേർത്തുപറയാം. ഇതുപോലുള്ള പ്രയോഗങ്ങൾ കവിതയിൽനിന്നു കണ്ടെത്തി വിശദീകരിക്കൂ.
- "പുതിയ ലോകങ്ങൾ തിരഞ്ഞുപോകാം; നമ്മൾ
  പുതുവാനവട്ടങ്ങൾ തേടിപ്പോകാം."
  പുതിയ ലോകങ്ങൾ, പുതുവാനവട്ടം എന്നീ പ്രയോഗങ്ങൾ യാത്രയ്ക്കു നൽകുന്ന അർഥതലങ്ങൾ എന്തെല്ലാമാണ്?

### കവിതാപഠനം

- 'വെള്ളപ്പൊക്കം' എന്ന കവിതയുമായി ബന്ധിപ്പിക്കാവുന്ന ആശയമേഖലയെ ഇങ്ങനെ പട്ടികപ്പെടുത്താം.

    * സാഹസികയാത്ര
    * അപരിചിതലോകങ്ങളെക്കുറിച്ച് അറിയാനുള്ള ആഗ്രഹം
    * പ്രകൃതിയോടിണങ്ങിയ നിഷ്കളങ്ക ജീവിതത്തോടുള്ള താൽപ്പര്യം
    *

പട്ടികപ്പെടുത്തിയ ആശയങ്ങൾ വികസിപ്പിച്ച് കവിതയ്ക്ക് ഒരു പഠനം തയാറാക്കുക.




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# അശാന്തിയുടെ വേനലിലെ കുളിര്



കിണറുകൾ വറ്റിത്തുടങ്ങി. കുളങ്ങളും പുഴകളും വരണ്ടു. പച്ചനിറം മങ്ങി പൊടിയും അഴുക്കും പുരണ്ട് ഭൂമി നാളേറെയായി കുളിക്കാനൊത്തിട്ടില്ലാത്ത മുഖപ്രകൃതിയോടെ വിളറിക്കിടക്കുന്നു. വല്ലപ്പോഴുമേ ഒരു ഇലയനക്കമുള്ളൂ. പിശുക്കിപ്പിടിച്ചു വീശുന്ന ആ കാറ്റും ചുടുകാറ്റ്. ഇത്രയേറെ ചൂടെങ്ങനെ? ഭൂഗർഭജലം എവിടെപ്പോയി? ഇതിലേ വീശിയിരുന്ന കാറ്റ് എന്തേ ഇത്ര മടിയനായിത്തീരാൻ? നൂറ്റാണ്ടുകളായുള്ള പതിവുകൾ എന്തുകൊണ്ടു തെറ്റുന്നു?

അതിവർഷമോ പ്രളയമോ ആയാലും വരൾച്ചയായാലും പരിതസ്ഥിതികൾ അസഹ്യമാവുമ്പോൾ ഇങ്ങനെ ചില ചോദ്യങ്ങൾ നാം നമ്മോടുതന്നെ ചോദിക്കുന്നു. നമ്മുടെ സൗകര്യത്തിനും സന്തോഷ ത്തിനും അവബോധത്തിനും അനുസരിച്ചുള്ള ഉത്തരങ്ങൾ ഉരുത്തിരിയുന്നു. ഇവ ശരിയായാലും തെറ്റായാലും

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഇവയുടെ വെളിച്ച ത്തിൽ നമുക്ക് ആവുന്ന എന്തെങ്കിലും ചെയ്യാൻ നാം മിക്കവാറും ഒരുങ്ങാറില്ല. ചുറ്റുപാടുകൾ അൽപ്പം ആശ്വാസകരമാവുന്നതോടെ ഈ വക കാര്യങ്ങളെല്ലാം നാം മറന്നുപോകുന്നു. അല്ലാതെതന്നെ ഉണ്ടല്ലോ ആയിരം സംഗതികൾ ആലോചിക്കാനും ചെയ്തുതീർക്കാനും. പാലത്തിനരികിൽ എത്തുമ്പോഴാലോചിക്കാം പാലം കടക്കുന്ന കാര്യം എന്നൊരു പഴമൊഴി ഇക്കാര്യത്തിൽ നമുക്കു പിന്തുണയായും ഉണ്ട്.

പക്ഷേ, മോഡേൺ സയൻസ് ഇപ്പോൾ നമുക്കു തരുന്ന അറിവുകൾ വച്ചു നോക്കിയാൽ ഈ പാലം ഒരു പ്രത്യേകതരം പാലമാണ്. വളരെ മുൻകൂട്ടി വേണ്ടത്ര ആലോചിച്ചില്ലെങ്കിൽ ഒരിക്കലും മറുകരയിലെ ത്താൻ പറ്റാതെ വരാം. മാത്രമല്ല, ഇതിന് സാരമായ കോറുകേട് വന്നുപോയാൽ പിന്നീടൊരിക്കലും നേരെയാക്കാൻ പറ്റുകയുമില്ല!

മനുഷ്യൻ പ്രകൃതിയിലധികപ്പറ്റാണോ, അതോ പ്രകൃതിയുടെ ഭാഗ മാണോ എന്ന തർക്കം ഇന്നില്ല. അതു തീർന്നുകിട്ടിയിരിക്കുന്നു. ഒരു ജീവി എന്ന നിലയിൽ മനുഷ്യൻ പ്രകൃതിയെ മാറ്റി ത്തീർക്കുന്നു. എങ്കിലും മനുഷ്യനും പ്രകൃതിയുടെ ഭാഗം തന്നെ, അധികപ്പറ്റല്ല എന്നു തീരുമാനിക്കപ്പെട്ടുകഴിഞ്ഞു. ഏകകോശജീവി മുതൽ എല്ലാ ജീവികളും പ്രകൃതിയെ അവയുടെ നിലയിൽ ഭേദഗതി ചെയ്യുന്നു എന്ന അറിവിൽനിന്നാണ് ഈ അവബോധം ഉണ്ടായിരിക്കുന്നത്. അതോടൊപ്പമുണ്ടായ മറ്റൊരു തിരിച്ചറിവ്, മനുഷ്യൻ മാത്രമാണ് ജീവലോകത്തിലെ കളിയുടെ നിയമം തെറ്റിച്ചു കളിക്കുന്ന ജീവി എന്നതാണ്.

എങ്ങനെയെന്നു കാണാൻ വിഷമമില്ല. ഇതര ജീവികൾ പ്രകൃതി യിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ പലതിനും മറുമരുന്നായ മാറ്റങ്ങളാണ് ഓരോ ജീവിയും ജനിപ്പിക്കുന്നത്. തനിക്കാവശ്യമുള്ളത് മറ്റുള്ളവർ പുറന്തള്ളുന്നതാണ്, താൻ പുറന്തള്ളുന്നത് മറ്റു ജീവജാലങ്ങളിൽ പലതിനും ആവശ്യമുള്ളതാണ്. വട്ടത്തിൽ നിന്നു കളിക്കുന്ന ഒരു തരം പന്തുപാസുകളിയിൽ മുറതെറ്റാതെ പങ്കെടുക്കുന്നപോലെയാ ണിത്. കളിയല്ല, ജീവന്മരണകാര്യമാണെന്നു മാത്രം.

ചുറ്റുമുള്ള ഏതു ജീവിയെ നിരീക്ഷിച്ചാലും ഇതു മനസ്സിലാവും. ചങ്ങലയിലെ ഓരോ കണ്ണിയാണ് ഓരോ ജീവിയും വർഗവും. പരസ്പരാശ്രയമാണ് നിലനിൽപ്പിന്റെ അടിത്തറ. ഒരു ജീവിക്കോ വർഗത്തിനോ മാത്രമായി നിലനിൽപ്പ് എന്നൊന്ന് സാധ്യമല്ല. മറ്റു വർഗങ്ങൾക്ക് മുറിവേൽക്കുന്നതിന്റെ അളവനുസരിച്ച് അവയെ ആശ്രയിച്ചു കഴിയുന്ന വർഗത്തിന് വംശനാശത്തിന്റെ മുന്നറിയിപ്പു കിട്ടും. ആ മുന്നറിയിപ്പ് അവഗണിച്ചാൽ സംഗതികൾ ശരിയാകാൻ പിന്നെ കോടിക്കണക്കിനു വർഷങ്ങളെടുക്കുമെന്നാണ് സയൻസ് ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത്. ചിലപ്പോൾ എത്രകാലം കൊണ്ടും മുൻസ്ഥിതിയിൽ എത്തില്ല.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഒരേ ജീവിവർഗത്തിലെത്തന്നെ വിഭിന്ന വിഭാഗങ്ങൾ തമ്മിലും കാണാച്ചങ്ങലകളുടെ ഇതേ കെട്ടുകളുണ്ട്. ഭിന്നനിറത്തിലോ വലുപ്പത്തിലോ ആകൃതിയിലോ ആകാം, ഭക്ഷണരീതിയിലാകാം, പൊറുതിയിലാകാം, വിശ്വാസത്തിലാകാം. ഓരോ സൃഷ്ടിയും സൂക്ഷ്മതലത്തിൽ മറ്റെല്ലാ സൃഷ്ടികളിൽനിന്നും ഭിന്നമാണ് എന്നിടംവരെ ഈ വൈവിധ്യം നീളുന്നു. ഭിന്നതകൾക്ക് പ്രകടന സ്വാതന്ത്ര്യം ലഭിക്കുന്ന അളവിലാണ് സമവായവും സമന്വയവും സാധിക്കുന്നത്. ഏകതാനമായാൽ നിർജീവമായി.

പ്രത്യയശാസ്ത്രങ്ങളുടെയും വിശ്വാസങ്ങളുടെയും ദേശീയതയുടെയും വംശീയതയുടെയും അടിസ്ഥാനത്തിൽ പ്രത്യക്ഷത്തിൽ കാണുന്ന ചേർച്ചയില്ലായ്മകൾ പ്രകൃതിദത്തമാണെന്നു ചുരുക്കം. ജീവമണ്ഡലമെന്ന പട്ടുപരവതാനിയിൽ അനേകകോടി നൂലിഴകൾ തുന്നിച്ചേർക്കപ്പെട്ടിരിക്കുന്നു. ഒരിഴ പൊട്ടിയാൽ പരവതാനി നാശമായി. ഏച്ചു കെട്ടിയാൽ മുഴച്ചിരിക്കും. കാലാന്തരത്തിൽ ആ മുഴപ്പ് ഓട്ടപ്പെടലായി കലാശിക്കുകയും ചെയ്യും.

സമാന സ്വഭാവങ്ങളുടെ പേരിൽ കൂട്ടംചേർന്ന് മറ്റുള്ളവരെ ഉന്മൂലനം ചെയ്യാനും സ്വന്തം ജീവിതരീതി ഏകതാനമായി നിലവിൽ വരുത്താനും ശ്രമിക്കുന്ന മണ്ടന്മാർ ആത്മഹത്യക്കാണ് വഴിയൊരുക്കുന്നതെന്ന മുന്നറിയിപ്പാണ് മോഡേൺ സയൻസ് ഈ വെളിപാടിലൂടെ നൽകുന്നത്. പ്രകൃതിയിലെ വൈവിധ്യങ്ങളെ പ്ലാസ്റ്റിക് സർജറിയിലൂടെയോ കൊലയിലൂടെയോ ക്ലോണിങ്ങിലൂടെയോ ഒടുക്കാമെന്ന ചിന്ത ഭൂമിയെ മൊത്തമായി എയർകണ്ടീഷൻ ചെയ്തുകളയാമെന്ന ചിന്തയേക്കാൾ അബദ്ധജടിലമാണ്.

പ്രകൃതിയോടു നാം ചെയ്തുകഴിഞ്ഞ ക്രൂരതകളുടെ ഫലമാണ് വേനലുകളുടെ ക്രൂരതയായി നമുക്കു തിരികെ കിട്ടുന്നത് എന്ന തിരിച്ചറിവിന്റെ കൂടെയാണ് വൈവിധ്യങ്ങളെ സംബന്ധിക്കുന്ന ഈ പുതിയ വിജ്ഞാനം ഇതേ വേനൽച്ചൂടിൽത്തന്നെ നമുക്കു ലഭിക്കുന്നത്. അരുതായ്മകളിൽനിന്ന് വിവേചനത്തിലൂടെ മോചനത്തിനുള്ള വഴിതുറക്കുകയായി എന്ന ഉൾക്കുളിരാണ് ഈ കൊടുംചൂടിൽ ആകെയുള്ള ഇത്തിരി ആശ്വാസം.

ആദ്യമുണരുന്ന കിളിക്കേ പുഴുവിനെക്കിട്ടൂ, അതിനാൽ എന്തിലും ആദ്യവും മുന്നിലും എത്തണം എന്നു പഠിപ്പിക്കാൻ ശ്രമിക്കുന്ന ടീച്ചറോട് കുട്ടിയുടെ ചോദ്യം, “ആ പാവം പുഴുവിനെ ആരും ഒന്നും പഠിപ്പിച്ചില്ലേ? അതിനു കുറച്ചു വൈകി ഉണർന്നാൽ മതിയായിരുന്നില്ലേ, ടീച്ചർ?”

**- സി. രാധാകൃഷ്ണൻ**

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## വായിക്കാം കണ്ടെത്താം

- "ചുറ്റുപാടുകൾ അൽപ്പം ആശ്വാസമാകുന്നതോടെ ഈ വക കാര്യങ്ങളെല്ലാം നാം മറന്നുപോകുന്നു."
  എന്തിനെക്കുറിച്ചാണ് ലേഖകൻ ഇങ്ങനെ പറയുന്നത്?
- വട്ടത്തിൽനിന്ന് കളിക്കുന്ന ഒരു തരം പന്തുപാസുകളിയാണ് പ്രകൃതിയിൽ നടക്കുന്നതെന്ന് ലേഖകൻ പറയുന്നതിന്റെ പൊരുളെന്ത്?
- "പാലത്തിനരികിൽ എത്തുമ്പോഴാലോചിക്കാം പാലം കടക്കുന്ന കാര്യം"
  ഈ പഴമൊഴി സന്ദർഭവുമായി എങ്ങനെ യോജിക്കുന്നു?
  പാഠഭാഗത്തുനിന്ന്ഇത്തരത്തിലുള്ള മറ്റു പ്രയോഗങ്ങൾ കണ്ടെത്തി വ്യാഖ്യാനിക്കൂ.

## സംവാദത്തിലേർപ്പെടാം

- "മനുഷ്യൻ മാത്രമാണ് ജീവലോകത്തിൽ കളിയുടെ നിയമം തെറ്റിച്ചു കളിക്കുന്ന ജീവി."

  ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

## നിഗമനങ്ങൾ അവതരിപ്പിക്കൂ

- "പ്രകൃതിയോട് നാം ചെയ്തുകഴിഞ്ഞ ക്രൂരതകളുടെ ഫലമാണ് വേനലുകളുടെ ക്രൂരതയായി തിരികെ കിട്ടുന്നത്"

  – ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്?

## പദം മാറ്റിയെഴുതാം

* വിവിധം : വൈവിധ്യം
* ശിഥിലം : ..........................
* ................... : വൈപുല്യം
* ................... : നൈർമ്മല്യം



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## താരതമ്യക്കുറിപ്പ്

- "മർത്ത്യനും മൃഗവുമീ വൃക്ഷവും നക്ഷത്രവും
  പട്ടുനൂലൊന്നിൽ കോർക്കപ്പെട്ടുള്ള മണികളാം
  ക്ഷിപ്രമിച്ചരാചരമൊന്നായി തളർന്നു പോ-
  മിപ്രപഞ്ചത്തിൻ നാഡീഞരമ്പറുക്കുകിൽ"

– പി. കുഞ്ഞിരാമൻ നായർ

ലേഖനത്തിലെ ആശയങ്ങൾ ഈ കാവ്യഭാഗവുമായി താരതമ്യംചെയ്ത് കുറിപ്പ് തയാറാക്കൂ.

## നിവേദനം തയാറാക്കുക

- നിങ്ങളുടെ പ്രദേശത്ത് നടക്കുന്ന ഏതെങ്കിലും പ്രകൃതിചൂഷണ ത്തിനെതിരെ അധികാരികൾക്ക് നൽകാൻ ഒരു നിവേദനം തയാറാക്കുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# മീനുകളുടെ ആകാശവും പറവകളുടെ ഭൂമിയും



പത്താംവയസ്സിന്റെ മൂപ്പിൽ, ഉത്തമൻ രണ്ടുമാസത്തെ സ്കൂൾ അവധി ആഘോഷിക്കാൻ ആരംഭിക്കുന്ന ദിവസത്തിന്റെ ആദ്യ വൈകുന്നേരമാണിന്ന്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



“മോനേ, ഇങ്ങനെ തൂങ്ങിനിൽക്കല്ലേ, താഴെ വീഴും.”

അമ്മയുടെ വിളിയെ അവൻ കാറ്റിലൂടെ പറത്തിവിട്ടു. പക്ഷികൾ കൂട്ടം തെറ്റാതെ ഉത്തമന്റെ വീടിനു തൊട്ടുതാഴെയുള്ള വയലിലേക്ക് എത്തിച്ചേർന്നു, താഴ്ന്ന് വട്ടത്തിൽ പറന്നുകളിച്ചു. തിടുക്കത്തിൽ, വലിച്ചുനീട്ടിയ കയർപോലെ നീണ്ടുനിവർന്ന് നിരയൊപ്പിച്ചു വയലിനപ്പുറമുള്ള കുന്നിൻമുകളിലേക്കു പറന്നു. ഉത്തമൻ മാവിൻകൊമ്പിലെ പിടിവിട്ട് നിലത്തേക്കു ചാടി. അരയിൽനിന്ന് ഇറങ്ങിക്കിടക്കുന്ന പാന്റ്സ് വലിച്ചുകയറ്റി മുറ്റത്തിന്റെ അറ്റത്തു വന്ന് കൈകൾ പിറകിലേക്കു വച്ച് ഹൃദയം തുറന്നു.

കാതുകൾ തുറന്നു.

കണ്ണുകൾ തുറന്നു.

വൈകുന്നേരത്തെ കാറ്റിന്റെ ഗന്ധം ആവാഹിച്ചെടുത്തു. നിശ്ശബ്ദവും ഉള്ളിലേക്കു നുഴഞ്ഞിറങ്ങുന്നതുമായ ഈ നോട്ടവും നിൽപ്പും അച്ഛനിൽനിന്ന് പകർത്തിയെടുത്തതാണ്. കഴുത്തിനു കീഴ്പ്പോട്ട് അനങ്ങാതെ കണ്ണുകൾ മാത്രം ചലിക്കുന്ന നിമിഷങ്ങൾ. വയലും കാറ്റും കുന്നുകളും വൃക്ഷങ്ങളും കാഴ്ചയിലൂടെ ഹൃദയപരവതാനിയിലേക്കു മണ്ണിന്റെ ഗന്ധത്തോടെ ഇറങ്ങിവരുന്ന നേരം. തണുത്ത കാറ്റ് ഊക്കോടെ വന്നു പൊതിഞ്ഞെടുത്തു. ഉത്തമന്റെ കണ്ണുകൾ തുമ്പികളെപ്പോലെ വയലിലേക്ക് ഇറങ്ങിച്ചെന്നു. ശേഷം നോട്ടം വയലിനപ്പുറമുള്ള കുന്നിൻമുകളിലേക്ക് എത്തിപ്പെട്ടു. കുത്തനെ ചരിവുള്ള കുന്നിൻമുകളിൽ കാറ്റിനൊപ്പം കടുംപച്ചനിറത്താൽ കൂട്ടംചേർന്ന് ആടുകയാണ് വൃക്ഷക്കൊമ്പുകൾ. തൊട്ടുമുൻപ് കൂടണഞ്ഞ പക്ഷികളെല്ലാം ഏതേതു മരങ്ങളിലായിരിക്കും കൂടുവച്ച് കഴിയുന്നതെന്നറിയാനായി അവൻ പതിവുപോലെ കൊതിച്ചു. കഴുത്തു നീട്ടി ഏന്തിവലിഞ്ഞൊരു പരതൽ. പക്ഷികളെ വൃക്ഷങ്ങളിൽ കാണാൻ എന്നും അവൻ കൊതിച്ചു. പക്ഷേ, ദൂരം സൃഷ്ടിച്ച അവ്യക്തതയിൽ അവന്റെ കാഴ്ച മഞ്ഞിലേക്കെന്നപോലെ പൂണ്ടുപോയി. ഇരുട്ട് വേഗത്തിൽ വന്ന് കുന്നിനെ മറച്ചുകളഞ്ഞു.

തിരിഞ്ഞുനടക്കുമ്പോൾ തന്റെ വീടിന്റെ ചുറ്റുമുള്ള ചെമ്പരത്തിച്ചെടിയുടെ വേലിക്കപ്പുറം കൂറ്റൻമതിലിനുള്ളിൽ പരന്നുകിടക്കുന്ന പുതിയ വീട്ടിലേക്ക് അവന്റെ ശ്രദ്ധ പാളിവീണു. അപ്പോഴും അതിന്റെ വാതിലുകളും ജനലുകളും അടഞ്ഞുതന്നെയാണു കിടക്കുന്നത്.

മെർക്കുറിവിളക്കുകൾ വെളിച്ചം വിതറിക്കിടക്കുന്ന ആ വീട്ടിലേക്കുള്ള നോട്ടത്തെ മുറിച്ചിട്ട് ഉത്തമൻ കൂണുപോലുള്ള തന്റെ വീട്ടിനുള്ളിലേക്കു കയറി.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



സൂര്യൻ പരിസരങ്ങളിലെല്ലാം പൊത്തിപ്പിടിച്ചു കിടക്കുന്ന മഞ്ഞിനെ തുടച്ചെടുക്കാൻ ആരംഭിച്ചു. അവശേഷിക്കുന്ന ഉറക്കത്തെക്കൂടി കുടഞ്ഞിട്ട് ഉത്തമൻ മുറ്റത്തേക്കിറങ്ങി. അവന്റെ നോട്ടം ആ വലിയ വീടിന്റെ അടഞ്ഞുകിടക്കുന്ന കൂറ്റൻ ഗേറ്റിൽ ചെന്നു പതിഞ്ഞു. മുന്നോട്ടു ചലിക്കുംതോറും കണ്ണുകൾ വീടിന്റെ ഉയരത്തിലേക്കു പറന്നു. രണ്ടാം നിലയിലെ മുറിയുടെ ജനാലപ്പാളി പെട്ടെന്നു തുറക്കപ്പെട്ടു. വെളുത്തുതടിച്ച ഒരു മുഖം ഫ്രെയിം ചെയ്തതുപോലെ പ്രത്യക്ഷപ്പെട്ടു. ഉത്തമൻ അവനുനേരെ കണ്ണുകൾ തുറുപ്പിച്ചു.

“തടിയൻ.”

അവരുടെ നോട്ടങ്ങൾ ഒന്നുരസി. ഉത്തമൻ തടിയനെ അവഗണിച്ച് മാവിനടുത്തേക്ക് ഓടിച്ചെന്നു കൊമ്പിലേക്കു ചാടിപ്പിടിച്ചു തൂങ്ങി ആടിയാടി തടിയനു മുഖം കൊടുത്തു. കാലുകൾ മടക്കിയും നിവർത്തിയും ആട്ടത്തിന്റെ വേഗം കൂട്ടി. പതുക്കെ ഒരു കൈവിട്ട് ഒറ്റക്കൈയിൽ ആടിയാടി അഭ്യാസിയായി സ്വയം പ്രദർശിപ്പിക്കവേ തടിയൻ ജാലകപ്പാളി ശക്തിയായി അടച്ചു. ഉത്തമന്റെ മുഖമിരുണ്ടു. ആട്ടത്തിന്റെ വേഗം കുറഞ്ഞു. നിരാശയിൽ കുതിർന്നതുപോലെ അവൻ മാവിൻകൊമ്പിൽനിന്ന് പിടിവിട്ടു. അടഞ്ഞുകിടക്കുന്ന ജനാല നോക്കി പിറുപിറുത്തു:

“കുശുമ്പൻ, തടിയൻ.”

കുറച്ചു നേരത്തേക്ക് അവൻ മാവിൻചുവട്ടിൽ പരുങ്ങിനിന്നു. ഇടയ്ക്കിടെ തടിയന്റെ വീട്ടിലെ ഏതെങ്കിലും ജനാലകൾ തുറക്കുന്നുണ്ടോയെന്നു പരതി.

പെട്ടെന്ന് അവന്റെ മുന്നിലേക്ക് എന്തോ വരുന്നതു കണ്ട് പിറകോട്ടു നീങ്ങി. ഒരു ടെന്നിസ്ബോൾ ഉരുണ്ടുപോകുന്നതിനിടയിൽ അതിനെ ആവരണം ചെയ്ത വെളുത്ത കടലാസ് മറ്റൊരിടത്തേക്കു തെറിച്ചുവീണു. ഉത്തമൻ ഓടിച്ചെന്ന് കടലാസ് നിവർത്തി വായിച്ചു:

“നീ, അത്ര വലിയ അഭ്യാസിയൊന്നുമല്ല.
എന്റെ വീട്ടിലെ പൂച്ചപോലും ഇതിനേക്കാൾ
ഭംഗിയായി ചാടിക്കളിക്കും. എന്നും
നീ തൂങ്ങിനിൽക്കുമ്പോൾ നിന്റെ പാന്റ്
അഴിഞ്ഞുപോകുന്നത്
ഞാൻ കാണാറുണ്ട്. ഹാ...ഹാ...”

– ജൻട്രി തോമസ്

മലയാളം

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഉത്തമൻ ഓടിച്ചെന്ന് തന്റെ പേപ്പറും പേനയുമെടുത്ത് എഴുതി:

"നീ, പോടാ തടിയാ... പൊങ്ങച്ചക്കാരാ.

നിന്റെ ശത്രു"

– ഉത്തമൻ

അതേ പന്തിൽ ചുരുട്ടി തുറന്നുവച്ച ജനാലയ്ക്കുള്ളിലേക്ക് ഉന്നം പിഴയ്ക്കാതെ എറിഞ്ഞു. ജൻട്രി തോമസ് ജനാല അടച്ചു. ഏറെ സമയം പിന്നിട്ടിട്ടും അനക്കമൊന്നുമില്ല. ഉത്തമൻ പതുക്കെ ആ കൂറ്റൻ ഗേറ്റിനരികിലേക്കു പതുങ്ങിച്ചെന്നു. മുഖം ഗേറ്റിൽ പതിച്ചുവച്ചു. അവന്റെ നോട്ടം ഒരുക്കിവച്ച മുറ്റത്തെ പൂക്കളിലേക്കു വണ്ടുകളായി ചെന്നു.

"പൂക്കൾ... തടാകം.... ഊഞ്ഞാൽ... പക്ഷികൾ..."

കണ്ണിൽപ്പെടുന്നതിന്റെയെല്ലാം പേരുകൾ പതിവുപോലെ ഉരുവിട്ടു. പല തവണകളായി ഈ വീടിന്റെ മുറ്റത്തേക്കു കടക്കാനായി ശ്രമിക്കുന്നു. ഉത്തമൻ ഗേറ്റിൽ പിടിമുറുക്കി. പച്ചപ്പുൽ നിറഞ്ഞ മുറ്റത്തിന്റെ ഒരു കോണിൽ നിൽക്കുന്ന വലിയ പക്ഷിക്കൂട്ടിലേക്ക് ഏന്തിവലിഞ്ഞു നോക്കി. കൂട്ടിനുള്ളിലെ വ്യത്യസ്ത നിറങ്ങളിലുള്ള പക്ഷികളെ നോക്കി അവൻ ചിരിച്ചു. അനിയന്ത്രിതമായ ആഗ്രഹത്തോടെ വീണ്ടും വീണ്ടും ചിരിച്ചു. ഒടുക്കം പതിവുപോലെ ആ മുറ്റത്തേക്കു പ്രവേശിക്കാൻ കഴിയാതെ മടങ്ങി.

ഒരുകൂട്ടം എലികൾ രാത്രിയിൽ വിശാലമായൊരു ബേക്കറിയുടെ ഉള്ളിലേക്കു കയറിച്ചെന്ന്, വമ്പൻ കേക്കുകളിലേക്കു ചാടിവീഴുകയും കേക്കിനുള്ളിലേക്കു പൂണ്ടുപോവുകയും നിറമേറിയ ക്രീമുകൾ പരസ്പരം വാരിപ്പൊത്തി മത്സരിക്കുകയും ചെയ്യുന്ന കാർട്ടൂൺ സിനിമയുടെ ചിരിച്ചുഴിയിൽപ്പെട്ട് കിടക്കുകയാണ് ജൻട്രി തോമസ്. ആഡംബരത്തിലും പൊങ്ങച്ചത്തിലും പപ്പയും മമ്മയും നീന്തിക്കുളിച്ചു വരുന്നതുവരെ അവൻ ഇത്തരം നേരമ്പോക്കുകളിൽ രസിച്ചിരിക്കും. പുറത്തേക്കു പോകാൻ കഴിയാതെ, മഴയും വെയിലും കൊള്ളാതെ മുറിയിൽ അവധിക്കാലം പോക്കുകയാണ്, ജൻട്രി. സ്ക്രീനിൽ എലികളുടെ വാശിയും ധൈര്യവും ഏറിവന്നു. അന്നേരം ജൻട്രിയുടെ വെളുത്തുകൊഴുത്തു തൂങ്ങിക്കിടക്കുന്ന ശരീരം എലികളുടെ ചടുലതയ്ക്കൊപ്പം ചിരിച്ചു, കുലുങ്ങിത്തുളുമ്പി. വാർധക്യം വിഴുങ്ങിക്കൊണ്ടിരിക്കുന്ന ജോലിക്കാരൻ ഭാസ്കരൻ ഏന്തിവലിഞ്ഞ് മുറിയിലേക്കു വന്നു.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



"ജൻട്രീ..."

അവൻ വിളി കേൾക്കാത്ത ഭാവത്തിൽ ടി. വിയിലേക്ക് ലയിച്ചു.

"നീ, ഇവിടെ ഇരുന്നു ടി. വി. കണ്ടോ. മുറ്റത്തെ പക്ഷികളെ മോഷ്ടിക്കാൻ ഒരുത്തൻ രണ്ടു ദിവസമായിട്ട് ചുറ്റിക്കറങ്ങുന്നുണ്ട്."

ജൻട്രി തോമസ് ടി.വിയുടെ റിമോട്ട് ബെഡിലേക്കു വലിച്ചെറിഞ്ഞു. കസേരയിൽനിന്നു ചാടി എഴുന്നേറ്റു.

"കറുത്തുമെലിഞ്ഞ ഒരുത്തനല്ലേ, അടുത്ത വീട്ടിലെ...?"

"ഉം"- ഭാസ്കരൻ തറപ്പിച്ചു മൂളി.

ജൻട്രി ജനാല തുറന്നു. അവിടെയെങ്ങും ഉത്തമന്റെ ചലനങ്ങളില്ല. ജൻട്രി തിടുക്കത്തിൽ അലമാര തുറന്നു തന്റെ ബൈനോക്കുലർ കൈയിലെടുത്തു മാവിൻകൊമ്പിലേക്ക് ഫോക്കസ് ചെയ്തു.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഇലകളെ ചൂഴ്ന്നു പരതിക്കൊണ്ടിരിക്കെ ഒരു കൊമ്പിലേക്കു കാലു നീട്ടി മാവിന്റെ പള്ളയിൽ ചാരി ഇരിക്കുന്ന ഉത്തമനെ ബൈനോക്കുലർ പിടിച്ചെടുത്തു.

"യെസ്, കണ്ടുപിടിച്ചു."

"എവിടെ, നോക്കട്ടെ"– ഭാസ്കരന്റെ കുറുകിയ കഴുത്തു വലിഞ്ഞു നീണ്ടു.

"അങ്കിളവിടെ നിൽക്ക്, ഈ ബൈനോക്കുലറുണ്ടല്ലോ, ഇതാണ് എന്റെ ആയുധം. അവന്റെ ഓരോ നീക്കവും ഞാൻ പിടിച്ചെടുത്തിരിക്കും."

ഉത്തമൻ മാവിൻകൊമ്പിൽനിന്നു താഴേക്ക് ഇറങ്ങി. അന്നേരം ജൻട്രി ഡിറ്റക്ടീവ് കാർട്ടൂണിലെ നായകനെപ്പോലെ, കുനിഞ്ഞും നിവർന്നും പാതി മറഞ്ഞുനിന്നും ജനാലയുടെ ഇരുഭാഗങ്ങളിലേക്കും തെറിച്ചു മാറിക്കൊണ്ട് ഉത്തമന്റെ ചെറുനീക്കങ്ങളെ പിന്തുടർന്നു. ഉത്തമൻ നിലത്തുകിടക്കുന്ന വെട്ടുകത്തിയെടുത്ത് ഉയർത്തിപ്പിടിച്ചു.

"ഓ, മൈ ഗോഡ്. അങ്കിൾ, അവൻ കത്തിയെടുത്തിരിക്കുന്നു. ഇങ്ങോട്ട് വരുമോ?" ജൻട്രി ബൈനോക്കുലറിൽനിന്നു കണ്ണുകളെടുക്കാതെ ഭയപ്പാടോടെ ചോദിച്ചു:

"ഇങ്ങോട്ട് വരാനുള്ള ധൈര്യം അവനില്ല ജൻട്രീ."

ഉത്തമൻ വേലിക്കൊമ്പ് മുറിച്ചെടുത്ത് അറ്റം ചെത്തി കൂർപ്പിച്ചിട്ടു. "അങ്കിൾ, അവൻ കൊമ്പുകൾ ചെത്തിക്കൂർപ്പിക്കുകയാണ്. നമ്മളെ എറിയാനാണോ?" ഭാസ്കരൻ അത് കേട്ടതായി നടിക്കാതെ കുരച്ചുകൊണ്ട് താഴേക്ക് ഇറങ്ങി. ജൻട്രി ബൈനോക്കുലർ മാറ്റിപ്പിടിച്ച് ജനാല ആഞ്ഞടച്ചു.

"നിനക്ക് ഞാൻ വെച്ചിട്ടുണ്ടെടാ, തടിയാ"– ഉത്തമൻ വിളിച്ചുപറഞ്ഞു.

ജ്വലിച്ചുനിൽക്കുന്ന ഉച്ചവെയിൽ പതുക്കപ്പതുക്കെ തളർന്നു നിറം വറ്റി. ഉത്തമൻ ജൻട്രിയുടെ വീട്ടിലേക്കും പരിസരത്തേക്കും ചൂഴ്ന്ന നോട്ടമെറിഞ്ഞു. ആരെയും കാണാനില്ല. വേലിയിലേക്ക് ഒന്നുരണ്ട് പക്ഷികൾ പറന്നുവരുകയും ഇലകൾക്കു ചൂടുപകർന്ന് മടങ്ങിപ്പോവുകയും ചെയ്തു. വേലിക്കപ്പുറത്തുനിന്ന് ആടിന്റെ കരച്ചിൽ കേൾക്കാം. അവൻ ധൈര്യത്തിൽ ഗേറ്റിനരികിൽച്ചെന്നു. മതിലിനു ചുറ്റും നടന്നു. വീടിന്റെ പിറകിലായി ചാഞ്ഞുനിൽക്കുന്ന വണ്ണമേറിയ മരം കണ്ടുപിടിച്ചു, ഒട്ടും പതറാതെ ഒരാവേശത്തിന്റെ കുതിപ്പിൽ പാഞ്ഞുകയറി. കൊമ്പിൽനിന്ന് ഇറങ്ങിവന്ന

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അണ്ണാൻ ഉത്തമനെ കണ്ടതും ഉച്ചിയിലേക്കു പാഞ്ഞു. കൈകൾ രണ്ടും മതിലിൽ കുത്തിവച്ചു. കഴുത്ത് മുറ്റത്തേക്കു നീട്ടിപ്പിടിച്ചു.

"ഹാവൂ ആരുമില്ല"– അവൻ മുറ്റത്തേക്ക് ചാടി നിവർന്നു. പക്ഷിക്കൂടിന്റെ അടുത്തേക്ക് ക്ഷണത്തിൽ നടന്നു. നെറ്റിനുള്ളിൽ തൂങ്ങിക്കിടക്കുന്ന മൺകുടത്തിൽ, ഉണങ്ങിയ കൊമ്പുകൾക്കു മുകളിൽ നിൽക്കുന്ന പക്ഷികളെ അവൻ നിറഞ്ഞുപൊങ്ങുന്ന ആഹ്ലാദത്തോടെ കണ്ടുനിന്നു.

"എത്ര പ്രാവശ്യമായി നിങ്ങളുടെയടുത്തു വരാൻ ഞാൻ കൊതിക്ക്ണ്"– അവൻ പക്ഷികളോടു പറഞ്ഞു. ആ വലിയ പക്ഷിക്കൂടിന്റെ കൊളുത്തിലേക്ക് കൈനീളവേ പിറകിൽനിന്നു ഭാസ്കരന്റെ ഉരമുള്ള കൈ പിടിമുറുക്കി– ഊക്കോടെ അവനെ പിറകിലേക്ക് വലിച്ചു നിലത്തേക്കിട്ടു. പച്ചപ്പുല്ലിൽ ഉത്തമൻ മലർന്നുകിടന്നു.

"മോഷ്ടിക്കാൻ വന്നതാണല്ലേ?" ഭാസ്കരൻ അവന്റെ കോളറിൽ പിടിച്ചു.

അവന്റെ കണ്ണുകൾ കരഞ്ഞുകലങ്ങി.

"അല്ല! കക്കാൻ വന്നതല്ല."

"ജൻട്രീ, ഓടിവാ...കള്ളനെ പിടിച്ചു"– ഭാസ്കരൻ വലിയ വാ തുറന്നു. ജൻട്രി ക്രിക്കറ്റ് ബാറ്റുമായി ഓടിവന്നു. ഉത്തമന്റെ രൂക്ഷമായ നോട്ടം തട്ടി ജൻട്രി ഭാസ്കരന്റെ പിറകിലേക്കു നിന്നു.

"എന്റെ പക്ഷികളെ കക്കാൻ വന്ന കള്ളൻ"– ജൻട്രി പറഞ്ഞു.

ഭാസ്കരൻ ഉത്തമനെ ഉന്തിയുന്തി ഗേറ്റിനു പുറത്താക്കി. ജൻട്രി പക്ഷിക്കൂടിന്റെ നെറ്റിൽ മുഖമമർത്തി കിളികളെ കൊഞ്ചിച്ചുകൊണ്ടിരുന്നു.

സൂര്യൻ മഞ്ഞിൻകുപ്പായമണിഞ്ഞ പുലരിയിൽ ജൻട്രിയുണർന്നു. വീട് വരിഞ്ഞുകെട്ടിയ നിശ്ശബ്ദത അവനെ ശ്വാസംമുട്ടിച്ചു. നീളൻ ജനാല മലർക്കെ തുറന്നപ്പോൾ പുറത്തു കാത്തുനിന്ന കാറ്റ് അവന്റെ തുടുത്ത മുഖത്തെ ചുംബിച്ചു. ജൻട്രി ഉത്തമന്റെ വീട്ടിലേക്ക് കഴുത്തു നീട്ടി. അവനു വിശ്വസിക്കാൻ കഴിയാത്ത കാഴ്ചയിൽ വാ തുറന്നുപോയി. ഉത്തമന്റെ മുറ്റത്തേക്ക് ഒരുകൂട്ടം പ്രാവുകൾ പാറിവരുന്നുണ്ടായിരുന്നു. അവ ഉയർന്നും താഴ്ന്നും വീണ്ടും പൊങ്ങിയും ഉത്തമനോടൊപ്പം ഉല്ലസിക്കുന്നു. മഞ്ഞിനാൽ നനഞ്ഞ് നിറംവച്ച് നിൽക്കുന്ന ഇലകൾപോലും കാറ്റിനൊപ്പം അതു കണ്ട് നൃത്തം ചെയ്യുന്നു. ഉത്തമൻ പ്രാവുകൾക്ക് അരിമണികൾ എറിഞ്ഞുകൊടുക്കുന്നു. തള്ളക്കോഴിയും പുതുതായി വിരിഞ്ഞ കുഞ്ഞുങ്ങളും അതുവഴി താളത്തിൽ കടന്നുപോയി. വെളുത്ത പ്രാവുക



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ളുടെ എണ്ണം ഏറിയേറി വരുന്നു. അവനു ചുറ്റും പ്രാവുകൾ മതി മറന്ന് ആനന്ദിക്കുകയാണ്. ഉത്തമൻ കൈകൾ ആകാശത്തേക്ക് ഉയർത്തി ചിരിക്കുന്നു. പൂമ്പാറ്റകൾ വേലിയിൽ വന്നിരുന്നു കാഴ്ച കണ്ട് കുളിരുകൊണ്ടു. മഞ്ഞിന്റെ പാട ഒഴിഞ്ഞൊഴിഞ്ഞു പോകുമ്പോഴും സ്വർഗീയമായ ആ കാഴ്ചയുടെ പ്രഭയിൽ കൊതിയൂറി ജൻട്രി ഉള്ളറിഞ്ഞ ചിരിയോടെ ഉത്തമനെ കൈവീശിക്കാണിച്ചുവെങ്കിലും ഉത്തമൻ ജൻട്രിയെ അവഗണിച്ചുകളഞ്ഞു. പ്രാവുകൾ ഓരോരുത്തരായി പറന്നുയർന്നു. ഉത്തമൻ മാവിൻചുവട്ടിലേക്ക് നടന്നു. ജൻട്രിയുടെ മനസ്സിൽ ഉത്തമനോടുള്ള സ്നേഹം ചുരന്നു.

ഉത്തമൻ മാവിലേക്കു വലിഞ്ഞുകയറി കൊമ്പുകൾക്കുള്ളിൽ മറഞ്ഞിരുന്ന് ജൻട്രിയുടെ വീട്ടിലേക്ക് ഒളിഞ്ഞുനോക്കി. ഗേറ്റ് തുറന്ന് ഭാസ്കരൻ പുറത്തേക്കു പോകുന്നതു കണ്ടു. ഉത്തമൻ താഴേക്കു ചാടി. ഭാസ്കരൻ കാഴ്ചയ്ക്കപ്പുറമായപ്പോൾ അവൻ ജൻട്രിയുടെ വീടിന്റെ പിറകിലെ മരത്തിനടുത്തേക്ക് ഓടിയെത്തി. അവനു വിശ്വസിക്കാനായില്ല- ആ മരം മുറിച്ചുകളഞ്ഞിരിക്കുന്നു. നെഞ്ചിനുള്ളിലെ വേദനയിൽ അരിശം തീപോലെ കത്തിയാളി.

“നല്ല മരമായിരുന്നു...” അവൻ വിതുമ്പി. ഊറ്റിയെടുത്ത ചങ്കൂറ്റത്തോടെ വീടിന്റെ മുന്നിലേക്കു വന്നു. ഗേറ്റിൽ ചവിട്ടിക്കയറി ഒറ്റക്കുതിപ്പിൽ പക്ഷിക്കൂടിന്റെ അരികിലെത്തി. ജൻട്രിയുടെ ഇടുങ്ങിയ കണ്ണുകൾ ഒരു കാമറപോലെ അവനെ പിന്തുടരുന്നത് ഉത്തമനറിഞ്ഞില്ല. ഉത്തമൻ പക്ഷിക്കൂടിന്റെ കൊളുത്തിൽ കൈവച്ചു. പറമ്പും പാടങ്ങളും മരങ്ങളും നഷ്ടപ്പെട്ട ആ പക്ഷികളെ അവൻ കൈകൂട്ടിയടിച്ച് ഒച്ചവച്ചുണർത്തി.

“കള്ളൻ, എന്റെ പക്ഷികളെ പിടിക്കാൻ വന്നതാണ്”- ജൻട്രി തന്നത്താൻ പറഞ്ഞു.

ഉത്തമൻ ഒട്ടും വൈകാതെ കൂടിന്റെ വാതിൽ തുറന്നിട്ടു.

ഉള്ളറിഞ്ഞുള്ള ചിറകുവിരിക്കലിലൂടെ പക്ഷികൾ കൂട്ടത്തോടെ

പുറത്തേക്ക്...

വെയിൽച്ചൂടിലേക്ക്...

കാറ്റിന്റെ സ്പർശനത്തിലേക്ക്...

മരക്കൊമ്പുകളിലേക്ക്...

ആകാശത്തേക്ക്...

അവരുടെ ചിറകുകൾ വിടർന്നു. ഒരു പക്ഷി മാത്രം ഉള്ളിൽ നിൽക്കുന്നതു കണ്ടു. അതിനെ കൈക്കുള്ളിലാക്കി പറത്തിവിട്ടു.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



“പോ...പോയി രക്ഷപ്പെട്...”– ഉത്തമൻ ഓടിമറഞ്ഞു.

ജൻട്രി അനക്കം നഷ്ടപ്പെട്ട്, ആ കാഴ്ചയിൽ ലയിച്ചു. പറന്നുപോകുന്ന പക്ഷികളെ അവൻ കൈവീശി യാത്ര നൽകി. ജൻട്രിയിൽനിന്ന് മധുരമുള്ള ഒരിഷ്ടം പൂമ്പാറ്റകളെപ്പോലെ ഉത്തമനിലേക്കു പറന്നു.

രാത്രിയായി...

പകലായി...

മഞ്ഞു വന്നു...

കാറ്റു വന്നു...

വെയിൽ എല്ലാവരെയും ചുംബിച്ചു മടങ്ങി.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വീണ്ടും,

രാത്രിയായി, പകലായി...

മുറ്റത്ത് സ്വയമുണ്ടാക്കിയ പട്ടം വയലിലേക്കു പറപ്പിച്ചു കളിക്കുന്ന ഉത്തമന്റെ മുന്നിലേക്ക് പഴയ ടെന്നിസ് ബോൾ വെള്ളക്കടലാസോടെ വന്നു തുള്ളി. അവൻ തിടുക്കപ്പെട്ടു വായിച്ചു:

"പക്ഷികളെ നീയാണ് തുറന്നുവിട്ടതെന്ന്

ഞാനാരോടും പറഞ്ഞിട്ടില്ല.

എനിക്ക് നിന്നോട് ദേഷ്യവുമില്ല...

ഇഷ്ടമാണ്... നിന്നെ...

എന്റെ വീടിന്റെ പിറകിലെ ഗേറ്റിനടുത്ത് ഞാൻ കോണി വെക്കാം. നീ അടുത്ത ദിവസം ഇങ്ങോട്ടൊന്നു വരണേ...

എന്തായാലും വരണം. വന്നില്ലെങ്കിൽ എനിക്ക് സങ്കടമാവും.

ഭാസ്കരനങ്കിളിനെ ഞാൻ നോക്കിക്കോളാം.

സ്വന്തം

ജൻട്രി തോമസ്."

തന്നിൽ കുളിരും ഇഷ്ടവും ഒരുപോലെ ഉറവപൊട്ടുന്നത് ഉത്തമനറിഞ്ഞു. വായിച്ച കടലാസ് താഴേക്കിട്ട് ഉത്തമൻ പാന്റ്സ് വലിച്ചു കയറ്റി, ഒരു നുഴഞ്ഞുകയറ്റത്തിന് ഒരുക്കം കൂട്ടി. പതുങ്ങിയും ശ്വാസംവലിച്ചും അൽപ്പം വളഞ്ഞും അവൻ വീടിന്റെ പിറകിലെത്തി. ചുമരുകൾക്കു മുകളിലൂടെ ഉറുമ്പുകൾ നീങ്ങുന്നുണ്ടായിരുന്നു. ഉത്തമൻ ഗേറ്റിൽ ചവിട്ടി ചുമരിലേക്കു വലിഞ്ഞുകയറി. കോണിയിലേക്ക് കാലുകൾ എടുത്തുവച്ച് പതുക്കെ ഇറങ്ങി. ഒറ്റക്കുതിപ്പിൽ പുറത്തെ ബാത്ത്റൂമിന്റെ തുറന്നിട്ട വാതിലിന്റെ മറവിൽ ചെന്നുനിന്നു.

"ഭാസ്കരനങ്കിൾ, സ്റ്റോർറൂമിൽനിന്ന് എന്റെ പന്തൊന്ന് എടുത്തു തരുമോ?" ജൻട്രിയുടെ ശബ്ദം കേട്ടതും ഉത്തമൻ പാതി ശ്വാസം വിട്ടു. ജൻട്രി അവനെ കൈവീശി വിളിച്ചു. ഓടിച്ചെന്ന് ഇരുവരും കൈകോർത്ത് അടുക്കളയിലെത്തി.

വലിയ അക്വേറിയത്തിനുള്ളിലെ മനോഹരമായ മീനുകൾക്കൊപ്പം ഉത്തമന്റെ കണ്ണുകളൊഴുകി.

"പാവം മീനുകൾ"– ഉത്തമന്റെ ഉള്ളംകൈ ആർദ്രതയോടെ ചില്ലിന്മേൽ പതിഞ്ഞു. തോടും പുഴയും കടലും നഷ്ടപ്പെട്ട മീനുകൾ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അടിയൊഴുക്കിന്റെ അനുഭവമില്ലാതെ മരവിച്ച് ചലിക്കുന്നത് അവനിൽ അസ്വസ്ഥത ഉണർത്തി.

“വാ നമുക്ക് മുകളിലേക്കു പോകാം”– ചിത്രപ്പണികൾ നിറഞ്ഞ മരഗോവണി ഓടിക്കയറിയ ഉത്തമൻ ജൻട്രിയുടെ വിശാലമായ മുറിയിലേക്ക് കയറി അമ്പരന്നു. വീതിയേറിയ കട്ടിലിൽ മഞ്ഞപ്പൂക്കൾ നിറഞ്ഞ കിടക്കവിരിയുടെ ഭംഗി! അവൻ വാ തുറന്നുപോയി. കംപ്യൂട്ടറും ടി. വിയും ബൈനോക്കുലറും വലിയ മേശയുമെല്ലാം ഉത്തമന്റെ കൈകളാൽ തഴുകപ്പെട്ടു. ഉത്തമൻ കിടക്കയിലേക്കു ചാടിവീണ് മലക്കംമറിഞ്ഞു.

“ഉത്തമാ, ഡൈനിങ് ഹോളിലെ മീനുകളെ നീ കണ്ടില്ലേ. നമുക്കവരെ ഏതെങ്കിലും പുഴയിലേക്ക് കൊണ്ട്ട്ടാലോ”– ഉത്തമൻ കഴുത്തൽപ്പം ഉയർത്തി അവിശ്വാസത്തോടെ ജൻട്രിയെ നോക്കി.

“പക്ഷികളെപ്പോലെത്തന്നയല്ലേ മീനുകളും.”

“സത്യം, ഈ മീനുകളെയും ചില്ലുകൂട്ടിൽനിന്ന് നമുക്ക് രക്ഷിച്ചാലോ?” ജൻട്രി വീണ്ടും ചോദിച്ചു.

“ജൻട്രീ, നമ്മുടെ ഗ്രാമത്തിൽ ഒരു പുഴയുണ്ട്, വലിയ ഒരു പുഴ... അച്ഛൻ പറഞ്ഞതാ.... കുറേയായി ഞാനതിൽ കുളിക്കാൻ കൊതിക്കുന്നു. നമുക്കിവരെ ആ പുഴയിൽ വിട്ടാലോ?”

വേലിക്കരികിലേക്ക് രണ്ടു പൂച്ചകൾ നീങ്ങുന്നതു കണ്ടു. അടുക്കളഭാഗത്തെ നിലത്തു കിടക്കുന്ന ചോറുവറ്റുകൾ കാക്കകൾ കൊത്തി വെടിപ്പാക്കുന്നു. കാറ്റു ചെന്നു മുറ്റത്തെ കരിയിലകളും ചവറുകളും തൂത്തുവാരി വൃത്തിയാക്കുന്നു.

ചുമരിലെ ക്ലോക്കിൽ മൂന്നുമണിയുടെ ശബ്ദം മുഴങ്ങി. മനസ്സും ശരീരവും പെട്ടെന്ന് സാഹസത്തിനൊരുങ്ങി. ഇരുവരും ചുവന്ന ബക്കറ്റിലേക്ക് മീനുകളെ പിടിച്ചിട്ടു. അവർ ബക്കറ്റുമായി മുറ്റത്തേക്കിറങ്ങി.

റോഡിലേക്ക്...

ഓടിയോടി ഇടവഴിയിലേക്ക്...പറമ്പിലേക്ക്...

കുന്നിൻചരിവിലൂടെ..., ഇടയ്ക്കിടെ ബക്കറ്റ് മാറ്റിപ്പിടിച്ച് ഓട്ടത്തിനു വേഗം കൂട്ടി. കുത്തനെയുള്ള ഇറക്കത്തിലൂടെ ചെന്ന് പുഴയുടെ അരികിലെത്തി. മീനുകളെ കൈകളാൽ കോരിയെടുത്ത് എറിയാൻ നിൽക്കവേ രണ്ടുപേരും തറയ്ക്കപ്പെട്ടതുപോലെ നിന്നു. പുഴയൊഴുകിയ ഇടം വർഷങ്ങളോളം മണ്ണിൽക്കിടന്ന ഒരു അസ്ഥിപോലെ കിടക്കുന്നു. ഒരുതുള്ളി നനവില്ലാത്ത തരിശുഭൂമി.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഒരു കുഴിയിലേക്കു വീണതുപോലെ അനുഭവപ്പെട്ടു. ഒഴുകിപ്പോയ പുഴയെ തിരഞ്ഞ് ഓടാൻ തുടങ്ങി. മുന്നോട്ടു നീങ്ങുന്തോറും ഒരുതുള്ളി വെള്ളംപോലും കാണാനായില്ല. കുണ്ടും കുഴികളും നിറഞ്ഞ മൈതാനംപോലെ പുഴ മരിച്ചുകിടക്കുന്നു. അവരുടെ കണ്ണുകൾ ഒരുപോലെ നിറഞ്ഞുകവിഞ്ഞു.

"ഇവിടെ, ഒരു പുഴയുണ്ടായിരുന്നു, സത്യം... അച്ഛനതിൽ കുളിക്കാറുണ്ടായിരുന്നു."

ഓട്ടത്തിനിടയിൽ ഉത്തമൻ വിതുമ്പിപ്പറഞ്ഞു. അവരുടെ ഹൃദയങ്ങൾ നുറുങ്ങി, കാലുകൾ തളർന്നു... കണ്ണുകളിൽ ഇരുട്ടു കയറവേ...

സങ്കടവും വിയർപ്പും ഒരേപോലെ അവരെ തളർത്തവേ മീനുകൾക്കൊപ്പം പിടഞ്ഞുകൊണ്ട്, ആകാശത്തേക്കു നോക്കി ആ രണ്ടു പൈതങ്ങൾ പ്രാണനൊമ്പരച്ചുഴിയിൽ കിടന്ന് കരഞ്ഞു വിളിച്ചു...

പുഴകളേ...

പുഴകളേ... നിങ്ങളെവിടെ?

**-അർഷാദ് ബത്തേരി**

### വായിക്കാം കണ്ടെത്താം

- ഉത്തമന്റെ ഹൃദയം കവർന്ന കാഴ്ചകൾ എന്തൊക്കെയായിരുന്നു?
- ജൻട്രിയുടെയും ഉത്തമന്റെയും ജീവിതം എങ്ങനെയെല്ലാം വ്യത്യസ്തമായിരുന്നു?
- കൂട്ടിലടച്ച പക്ഷികളെ മോചിപ്പിക്കാൻ ഉത്തമൻ നടത്തിയ ശ്രമങ്ങൾ എന്തെല്ലാമാണ്?
- മീനുകളെ രക്ഷിക്കാനുള്ള ശ്രമം പരാജയപ്പെട്ടതെങ്ങനെ?

### കുറിപ്പെഴുതാം

- 'മീനുകളുടെ ആകാശവും പറവകളുടെ ഭൂമിയും' എന്ന ശീർഷകം കഥയ്ക്ക് എത്രമാത്രം യോജിക്കുന്നു?
- ജീവിതസാഹചര്യങ്ങൾ വ്യത്യസ്തമാണെങ്കിലും ഉത്തമനിലും

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ജൻട്രിയിലും ഒരേ മനോഭാവം തന്നെയാണുള്ളത്. കഥ വിശകലനം ചെയ്ത് നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

- ദൃശ്യങ്ങളായി മനസ്സിൽ തെളിഞ്ഞുവരുന്ന ഒട്ടേറെ സന്ദർഭങ്ങൾ 'മീനുകളുടെ ആകാശവും പറവകളുടെ ഭൂമിയും' എന്ന കഥയിലുണ്ട്. നിങ്ങളുടെ മനസ്സിൽ തെളിഞ്ഞുകിട്ടുന്ന ഒരു ദൃശ്യത്തെക്കുറിച്ച് വിവരിക്കുക.

### ചർച്ചചെയ്യാം

- സ്വാതന്ത്ര്യത്തെക്കുറിച്ചും പ്രകൃതിയെക്കുറിച്ചുമുള്ള എന്തൊക്കെ ചിന്തകളാണ് ഈ കഥ നിങ്ങളിൽ ഉണർത്തുന്നത്? ചർച്ചചെയ്യൂ.

### പദങ്ങൾ കണ്ടെത്തുക

- നിയന്ത്രിക്കാനാവാത്തത് : അനിയന്ത്രിതം
- ക്രമം വിട്ടത് : ......................................
- പ്രതീക്ഷിക്കാത്തത് : ......................................
- നീതിയല്ലാത്തത് : ......................................

### വാക്യങ്ങൾ താരതമ്യം ചെയ്യുക

- ഈ മീനുകളെ ചില്ലുകൂട്ടിൽനിന്ന് രക്ഷിക്കണം.
- ഈ മീനുകളെ ചില്ലുകൂട്ടിൽനിന്ന് രക്ഷിക്കണോ?
- ഈ മീനുകളെ ചില്ലുകൂട്ടിൽനിന്ന് രക്ഷിക്കണ്ട.
- ഈ മീനുകളെ ചില്ലുകൂട്ടിൽനിന്ന് രക്ഷിക്കണേ.

അടിവരയിട്ട പദങ്ങൾ വാക്യങ്ങളിൽ വരുത്തുന്ന അർഥവ്യത്യാസം ചർച്ചചെയ്യുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഞാൻ എന്നെക്കുറിച്ച്

താഴെക്കൊടുത്തവയിൽ നിങ്ങളുടെ മികവുകൾ '✓' എന്നും കൂടുതൽ മെച്ചപ്പെടാനുള്ളത് '+' എന്നും രേഖപ്പെടുത്തുക.

| | |
|---|---|
| * ഒരു രചനയെ അതിന്റെ സ്വഭാവത്തിനും പ്രത്യേകതകൾക്കും ഇണങ്ങും വിധം വായിച്ചവതരിപ്പിക്കാനുള്ള കഴിവ്. | |
| * വാദങ്ങളും ആശയങ്ങളും സമർഥിക്കാനുള്ള തെളിവുകളുടെ തിരഞ്ഞെടുപ്പ്. | |
| * ഒന്നിലധികം സ്രോതസ്സുകളിൽനിന്ന് വിവരങ്ങൾ ശേഖരിക്കാനും വിശകലനം ചെയ്യാനും തിരഞ്ഞെടുത്ത് പ്രയോഗിക്കാനുമുള്ള കഴിവ്. | |
| * നിഘണ്ടു, വിജ്ഞാനകോശം എന്നിവ ഉപയോഗിക്കാനുള്ള കഴിവ്. | |
| * ആശയങ്ങൾ പരസ്പരം ബന്ധിപ്പിച്ച് ലഘുവാക്യങ്ങളിൽ അവതരിപ്പിക്കൽ. | |
| * സന്ദർഭത്തിന് അനുയോജ്യമായ വ്യവഹാരരൂപം തിരഞ്ഞെടുക്കാനുള്ള കഴിവ്. | |
| * വാചികമോ ലിഖിതമോ ആയ ഭാഗങ്ങൾ ഉചിതമായ ചിഹ്നങ്ങൾ, ഖണ്ഡികാകരണം, ആശയക്രമീകരണം എന്നിവ ഉപയോഗിച്ച് മെച്ചപ്പെടുത്താനുള്ള കഴിവ്. | |
| * വ്യത്യസ്ത രചനകൾ ചേർത്ത് കൈയെഴുത്തു മാസിക, ചുമർപത്രിക, ലഘുപത്രിക എന്നിവ പ്രസിദ്ധീകരിക്കാനുള്ള കഴിവ്. | |

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പദപരിചയം

| | |
|---|---|
| അകളങ്കം | - കളങ്കമില്ലാത്ത, മലിനമല്ലാത്ത, കുറ്റമറ്റ |
| അകായിൽ | - വീടിനകത്ത് |
| അക്ഷമ | - ക്ഷമയില്ലായ്മ |
| അജ്ഞാതം | - അറിയപ്പെടാത്തത് |
| അണിയറ | - ആട്ടക്കാരും നാടകക്കാരും വേഷംകെട്ടുന്ന സ്ഥലം, അണിയാനുള്ള അറ |
| അണിയം | - വള്ളത്തിന്റെ മുൻഭാഗം |
| അന്തരം | - ഉൾഭാഗത്തുള്ളത്, വ്യത്യാസം |
| അഭിലഷണീയം | - ആഗ്രഹിക്കത്തക്കത് |
| അരങ്ങ് | - നടനവേദി, അഭിനയസ്ഥാനം, വേദി |
| അവബോധം | - അറിവ് |
| അസ്തിത്വം | - നിലനിൽപ്പ്, ഉണ്ടെന്നുള്ള സ്ഥിതി, സത്യാവസ്ഥ |
| ആകാംക്ഷ | - ഉൽക്കണ്ഠ, അറിയാനുള്ള ആഗ്രഹം |
| ആത്മാലാപം | - സ്വയംസംസാരം |
| ആത്മീയം | - ആത്മാവിനെ സംബന്ധിച്ചത്, തന്നെ സംബന്ധിച്ചത് |
| ആധുനികം | - പുതിയത് |
| ആരാമം | - പൂങ്കാവ്, കളിക്കാനുള്ള ഇടം |
| ആസ്വാദ്യം | - ആസ്വദിക്കത്തക്കത് |
| ഈടിക്കൂടി | - ഒരുമിച്ചുകൂടി |
| ഈഷൽ | - അൽപ്പം,സംശയം |
| ഉത്തരവാദിത്വം | - ചുമതല, ഉത്തരവാദി എന്ന സ്ഥിതി |
| ഉൾക്കിടിലം | - മനസ്സിന്റെ കിടുക്കം |
| ഏകതാനം | - ഒരേ തരത്തിലുള്ള |
| കലമ്പുക | - കോപിക്കുക, കലഹിക്കുക |
| കഴ | - വള്ളം ഊന്നുന്ന കോൽ |
| കിമോണ | - ജപ്പാൻകാരുടെ പരമ്പരാഗത വസ്ത്രം |
| കുറിയ | - നീളം കുറഞ്ഞ |
| കോറ് | - കീറൽ |

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



| | |
|---|---|
| ഖേദം | - ദുഃഖം, സങ്കടം, വ്യസനം |
| ഗദ്ഗദം | - സന്തോഷംകൊണ്ടോ ദുഃഖംകൊണ്ടോ തൊണ്ട ഇടറിയുണ്ടാകുന്ന ശബ്ദം, ഇടറിയ ശബ്ദം |
| ഗോപനം | - മറച്ചുവയ്ക്കൽ |
| ചെന്തളിർ | - ചെമന്ന തളിർ |
| ചേതന | - ജീവൻ |
| ചേതം | - നഷ്ടം, ഹാനി, നാശം |
| ജാഗ്രത | - ശ്രദ്ധ, സൂക്ഷ്മം, ഉണർന്നിരിക്കൽ |
| ജാള്യം | - ഭോഷത്തം, ബുദ്ധിയില്ലായ്മ |
| തണ്ണീർ | - വെള്ളം |
| ദീപ്തി | - അഴക്, തേജസ്സ് |
| ദൃശ്യം | - കാഴ്ച |
| ദേഹണ്ഡക്കാർ | - വേലചെയ്യുന്നവർ, ശരീരംകൊണ്ട് അധ്വാനിക്കുന്നവർ |
| ധ്രുവദീപ്തി | - ധ്രുവപ്രദേശങ്ങളിലെ അന്തരീക്ഷത്തിൽ ദൃശ്യമാകുന്ന പ്രഭാവിശേഷം |
| ധ്രുവൻ | - വടക്കുദിക്കിൽ സ്ഥിരമായി പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഒരു നക്ഷത്രം |
| നയമ്പ് | - തുഴ |
| നവം | - പുതിയത്, ഒമ്പത് |
| നിഷ്ക്രമിക്കുക | - പുറത്തുപോകുക, വെളിയിൽ വരുക, പുറപ്പെടുക |
| പരമാർഥി | - പരമാർഥമുള്ളവൻ |
| പരിതസ്ഥിതി | - ചുറ്റുപാട് |
| പരിദേവനം | - കരച്ചിൽ, വിലാപം |
| പരോക്ഷം | - മറഞ്ഞിരിക്കുന്നത്, അക്ഷിയിൽനിന്ന് ദൂരത്തുള്ളത് |
| പ്രഥമം | - ഒന്നാമത്തേത്, ആദ്യത്തേത് |
| പ്രബുദ്ധം | - നല്ലപോലെ ഉണർന്ന, ബോധമുള്ള, പാണ്ഡിത്യമുള്ള |
| ഭദ്രം | - കരുതൽ, ഉറപ്പ് |
| മൂകം | - സംസാരിക്കാൻ കഴിയാത്ത അവസ്ഥ, മൗനം |
| മെത്തുക | - വർധിക്കുക, ഉയരുക, നിറയുക |
| യവനിക | - തിരശ്ശീല |
| വിതാനം | - അലങ്കാരം |
| വിളംബരം | - പരസ്യം, രാജകീയ പരസ്യം |

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



| | |
|---|---|
| വിശാലത | – വിസ്താരം, വീതി, വലുപ്പം |
| വിഷണ്ണൻ | – വിഷാദിച്ചവൻ, വ്യസനിച്ചവൻ, ഉത്സാഹമില്ലാത്തവൻ |
| വ്യാഖ്യാതാവ് | – വ്യാഖ്യാനിക്കുന്നവൻ |
| വ്രണം | – മുറിവ്, പുണ്ണ് |
| സമന്വയം | – പരസ്പരബന്ധം, ക്രമം, സംയോഗം |
| സമവായം | – കൂട്ടം, കലർപ്പ്, സംയോഗം |
| സമൃദ്ധി | – ഐശ്വര്യം, ക്ഷാമമില്ലായ്മ, വർധന |
| സവിശേഷം | – വിശേഷഗുണങ്ങളോടുകൂടിയത് |
| സാഹസം | – ക്ഷമവിട്ടുള്ള പ്രവൃത്തി, ആലോചന കൂടാതെയുള്ള പ്രവൃത്തി, അതിധൈര്യം |
| സാംക്രമികരോഗം | – പകരുന്ന രോഗം |
| സംഭ്രമം | – പരിഭ്രമം, ഹർഷം മുതലായവ നിമിത്തം ഉണ്ടാകുന്ന ബദ്ധപ്പാട് |
| സ്രഷ്ടാവ് | – സൃഷ്ടിക്കുന്നവൻ |



Downloaded from https:// www.studiestoday.com